തമിഴകത്തെ ശിലാലിഖിതങ്ങളും കേരളബന്ധവും

ഡോ.സുവർണ്ണ നാലപ്പാട്ട് .

ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ സൈന്ധവഹരപ്പൻസരസ്വതിലിപികളിൽനിന്ന് ഇടത്തോട്ടുവായിക്കുന്ന ഖരോഷ്ഠിയും വലത്തോട്ടുവായിക്കുന്ന ബ്രാഹ്മിയുമുണ്ടായി. ഖരോഷ്ഠിയിൽനിന്നാണ് അറബി,പാരസീകഭാഷകളുണ്ടായത്. ബ്രാഹ്മിയുടെ യൂറോപ്യൻ വകഭേദമാണ് ഫുണീഷ്യൻലിപി.ബ്രാഹ്മിയിൽനിന്ന് എല്ലാ ഇന്ത്യൻഭാഷകളുമുണ്ടായി.ഫുണീഷ്യനിൽനിന്ന് എല്ലാ യൂറോപ്യന് ഭാഷകളും ജനിച്ചു.

ബ്രാഹ്മി എന്നത് സരസ്വതി എന്നതിന്റെ പര്യായപദമാണ്.7 തരം ബ്രാഹ്മിലിപികളാണ് കണ്ടെത്തിയിട്ടുള്ളത്.

1. അശോകൻബ്രാഹ്മി
2. മറ്റു മൌര്യലിഖിതങ്ങളിലെ മൌര്യബ്രാഹ്മി
3. വടബ്രാഹ്മി (മൌര്യകാലശേഷം വടക്ക്,വടക്കുപടിഞ്ഞാറ്,വടക്കുകിഴക്ക് ഇന്ത്യയിൽ കാണപ്പെട്ട ബ്രാഹ്മി)
4. തെൻബ്രാഹ്മി(തെക്കേഇന്ത്യയിൽ കാണപ്പെട്ടത്)
5. ഭട്ടിപ്രൊലു (ആന്ധ്ര ബൌദ്ധസ്തൂപത്തിൽകാണുന്നത്.)ഇതാണ് തെന്നിന്ത്യയിലെ ഏറ്റവും പഴയ ബ്രാഹ്മി.
6. സിംഹളബ്രാഹ്മി.ശ്രീലങ്കയിലെ ഗുഹകളിൽ ശ്രീലങ്കൻപ്രാകൃതമൊഴിയിലെഴുതപ്പെട്ടത്.
7. തമിഴ് ബ്രാഹ്മി . തമിഴ്,ദ്രാവിഡഭാഷകളിൽ. (ശമണബൌദ്ധഗ്രന്ഥങ്ങളായ പണ്ണവാണസുത്ത,സമയലങ്കസുത്ത,ലളിതവിസ്തര എന്നിവയിൽ താമൊഴി, തിരാവിടി,(ദ്രാവിഡി)എന്നു വിളിക്കപ്പെടുന്നത്.)

തമിഴ്നാട്ടിലെ ശിലാചിത്രങ്ങളും മറ്റും കൂടുതൽ കാണുന്നത് ധർമ്മപുരി, സേലം, കൊയമ്പത്തൂർ,വിഴുപുരം,മധുര,വിരുദുനഗരം എന്നിവിടങ്ങളിലാണ്. (ഇവയെല്ലാം കൊങ്ങുചേരരുടെ അധീനതയിലായിരുന്ന പ്രദേശങ്ങളാകയാൽ കേരളത്തോടു ബന്ധപ്പെട്ടവയാണ്) തമിഴ് ബ്രാഹ്മി തമിഴകത്തിലെ 30 ഊരില് ഗുഹകളില് കണ്ടു. ഗുഹകളിൽ ശിലാശയ്യകളുമുണ്ട്. ഉള്ളിലേക്ക് മഴ കടക്കാത്ത വിധം നെറ്റിഭാഗത്ത് പുരികം വെട്ടി, അവയുടെ മേലും കീഴുമായും ശിലാശയ്യയിലുമാണ് അധികവും രേഖപ്പെടുത്തിയിരിക്കുന്നത്.കൂടാതെ നിരവധി മൺപാത്രക്കഷ്ണങ്ങളി

ൽനിന്നും പലസ്ഥലങ്ങളിലുമായി ബ്രാഹ്മിലിപി കിട്ടിയ നാണ്യം,മോതിരം,മുദ്ര ഇവയിലും കാണുന്നു. തായ്ലന്റ്,ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിലും ഈജിപ്തിലും നിന്ന് തമിഴ്ബ്രാഹ്മി കിട്ടിയിട്ടുണ്ട്.

ഐരാവതം മഹാദേവന്റെ കാലഗണനപ്രകാരം ബിസി 200-100 മുതല് എഡി 2-4 നൂറ്റാണ്ടുവരെയാണ് ഇവയുടെ കാലം. തൊൽക്കാപ്പിയത്തിലെ എഴുത്തധികാൻ മുതൽപാ ഇപ്രകാരമാണ്:-എഴുത്തെനപ്പടുപ്പ അകരമുതലനകരഇറുവായ് മുപ്പാതെൻപ.

ഉയിരെഴുത്ത് 12, മെയ് എഴുത്ത് 1, ആകെ 30 . തമിഴ്ബ്രാഹ്മിലിഖിതങ്ങളിൽ ഉയിരെഴുത്തിൽ 12 ലിപികളുമില്ല. 8 എണ്ണം മാത്രം. മെയ്യെഴുത്ത് 18 ഉണ്ട്. അതിനാൽ തൊൽക്കാപ്പിയം എഴുതപ്പെടുന്നതിനു മുമ്പാണ് ബ്രാഹ്മിലിപിയുടെ ഉത്ഭവം.

ഞ എന്ന അക്ഷരം ന എന്ന അക്ഷരമായിട്ടാണ് ഇപ്പോൾ തമിഴിലെഴുതുന്നത്. ഞ എന്ന അക്ഷരം സൈന്ധവലിപിയിലുണ്ടെന്നത് എന്നെ അത്ഭുതപ്പെടുത്തി. ഇത് മറ്റാരെങ്കിലും രേഖപ്പെടുത്തിയതായി കണ്ടിട്ടില്ല. തമിഴ് ബ്രാഹ്മിയിൽ ഞ എന്നും തമിഴിൽ ന എന്നും ഉച്ചരിക്കാവുന്ന ഈ അക്ഷരലിപി സൈന്ധവകാലത്ത് ഉച്ചരിച്ചിരുന്നത് എങ്ങനെയെന്ന് ഊഹിക്കാനേ ആവൂ. മലയാളത്തിലെ ഞാ, ന എന്നിവ തമിഴിലെഴുതിയാൽ നാ, ന ആവുന്നു. ഞാനെന്നത് നാനും ജ്ഞാനമെന്നത് നാനവും ആയി ഉച്ചരിക്കുന്നു. സൈന്ധവകാലത്തും ഈ രണ്ട് ഉച്ചാരണങ്ങളും ഉണ്ടായിരുന്നിരിക്കണം.

ഉയിർമെയ്യെഴുത്ത്, ഉയിരെഴുത്ത്, മെയ്യെഴുത്ത്



കേരളബന്ധമുള്ള തമിഴകലിഖിതങ്ങൾ:-

1. വിഴപ്പുറം ജില്ല. തിരുക്കോവില്ലൂരിലെ തെക്കൻ പെണ്ണാറിന്റെ വടക്കേ കരയിൽ ഐംപൈഗ്രാമത്തിലെ ആളുരുട്ടിമലയില് ദാസിമഠം എന്ന് പ്രാദേശികമായി പ്രസിദ്ധമായ രണ്ട് പ്രകൃതിദത്തഗുഹകളുണ്ട്, അവയിലൊന്നിന്റെ ഉൾഭാഗത്ത് പിൻഭാഗത്ത് കാണുന്ന പാറയിലെ ലിഖിതം. ക്രി മു മൂന്നാം നൂറ്റാണ്ട് എന്നും ക്രി പി എട്ടാം നൂറ്റാണ്ട് എന്നു ചിലരും ഭിന്നാഭിപ്രായം പറയുന്നു.



സതിയപുതോ അതിയൻ നെടുമാന് അഞ്ചി ഈത്തപള്ളി (അതിയമാൻ നെടുമാൻ ആഞ്ചി എന്ന സത്യപുത്രന് തീർത്ത പള്ളി).

മൂന്നുനാമങ്ങളുണ്ട് ലിഖിതത്തിൽ. മൂന്നും ഒരാളുടെ തന്നെ വിശേഷണ നാമങ്ങളാണ്. അതിയൻ എന്ന കുറുനിലമന്നന്റെ പേരിനുമുമ്പ് സത്യപുത്ര (സതിയപുതോ)ബിരുദമുണ്ട്. അശോകന്റെ ശിലാശാസനങ്ങളിലും ഈ

നാമമുണ്ട്. സതിയമാനെന്ന് തൊൽദ്രാവിഡത്തില് പറയുന്നതാണ് തമി ഴിലെ അതിയമാൻ എന്ന് ശേഷയ്യര് അഭിപ്രായപ്പെടുന്നു. മൌര്യശാസന ങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സത്യപുത്രര് അതിയമാന്മാരാണ്. നെടുമാൻ അഥവാ പെരുമാൻ(പെരുമാള്)ചേരന്മാർക്കും വിഷ്ണുവിനും കേരളമൂഷക വംശരാജാക്കന്മാർക്കും പൊതുവാണ്. മൂഷകവംശം യാദവവംശമാകയാലാ ണിത്.വഞ്ചിനാടാണ് ചേരനാട്. കരുർ എന്നത് വഞ്ചിപര്യായമാണ്. കരുരിനടുത്ത പുകളൂരിൽ മൂന്ന് രാജാക്കന്മാരുടെ ലിഖിതങ്ങളുണ്ട്. കോ ആതൻ ചെല്ലി ഇരുമ്പൊറൈ, പെരും കടുങ്കോ, ഇളംകടുങ്കോ. ഇതിലെ ഇരുമ്പൊറൈ അതിയമാൻ നെടുമാല് ആഞ്ചിയുടെ മകന് പൊകുട്ടെഴിനി യുമായി യുദ്ധം ചെയ്തെന്ന് സംഘം കൃതികളിലുണ്ട്. അതായത്, ഇരു മ്പൊറൈ അതിയമാന്റെ മകന്റെ സമകാലീനനാണ്.അതിനുമുമ്പത്തെ തലമുറയാണ് ഐംപൈലിഖിതത്തിലെ അതിയന്. പുകളൂർ ലിഖിതത്തിനു മുമ്പായി, ക്രി മു 200-300ലാവണം ഐംപൈ ലിഖിതം .

ആതൻ ചേരന്റെ നാമമാണ്. ചെല്ലി ചെല്ലൂരെന്ന പെരുംചെല്ലൂരിലെ രാജാ വാണ്. പൊറൈ ചേരന്റെ കുലനാമമാണ് (പേജ് 70 തമിഴ് നാട് കൽവെ ട്ടുകള്).അതായത് കേരളത്തിലെ പെരുഞ്ചല്ലൂർ ആസ്ഥാനമാക്കി വാഴുന്ന രാജാവാണ് കടുംകോ(കടുങ്ങോൻ)എന്ന ബിരുദമുള്ള രണ്ടുപേരോടുകൂടി ചേർന്ന് അതിയമാന്റെ മകനെ എതിരിട്ടത്. കടുങ്ങോനെന്നത് വള്ളു വക്കോനാതിരിയുടെ സ്ഥാനനാമമാണ്. അവിടത്തെ (വള്ളുവക്കോനാതി രിയുടെ)മൂത്തരാജാവും ഇളയരാജാവുമാണ് പെരുങ്കടുങ്ങോനും ഇളങ്കട ങ്ങോനും. ഇവരും പുറനാട്ടടികളെന്ന വടക്കേ മലബാറിലെ മൂഷകരാജാവും ചേർന്ന് തെക്കേ മലബാറിലെ ചേരപ്പെരുമാളായ അതിയമാന്നെടുമാന് ആഞ്ചിയുടെ മകനെ തോൽപ്പിച്ചു. (കുതിരമലയും പറമ്പിമലയും ഉൾപ്പെട്ട കുറുനിലമന്നന്മാരുടെ പെരുമാളായ സത്യപുത്രനെ). കൊങ്ങുചേര ന്മാരുടെ റിപ്പബ്ലിക്ക് ഭരിക്കുന്ന മറ്റൊരു ചേരനെ. കേരളത്തിലെ ചേരന്മാർ തമ്മിലു ണ്ടായ ആഭ്യന്തരമായ ഒരു മത്സരമോ കലഹമോ ആണ്പുകളൂർലിഖിത ത്തിലെ വിഷയം.

2. ആനമല .മധുരജില്ലയിലെ ചിറ്റൂരിൽനിന്ന് കിഴക്ക് നരചിങ്കം(നരസിംഹം) എന്ന ഗ്രാമമുണ്ട്.ഇവിടെയാണ് ആന തുമ്പിക്കൈയും വാലും നീട്ടിക്കിടക്കുന്ന പോലെയുള്ള ആനമല. തുമ്പിക്കൈപ്പകുതിയുടെ അടിവാരത്തിലാണ് നരസിംഹംഗ്രാമം. ആനത്തല(മസ്തകം)പോലുയർന്ന മലമുകളില് പ്രകൃതിദത്തമായ ഗുഹത്തളവും ശിലാശയ്യയുമുണ്ട്. നെറ്റിപ്പകുതിയിൽ മഴവെള്ളം ഒഴുകിപ്പോകാൻ പാത്തിപോലെ വെട്ടി അതിന്നുതാഴെ രണ്ടുവരി ലിഖിതം. ഇവകുന്റതു ഉറൈയുൾ പാതൻതാന് ഏരി ആരീതന് അത്തുവായി അരട്ട കായിപൻ.
കുന്റത്തുരില്ലള്ള (കുന്നത്തൂർ) പാദം ഏരിആരീതനും അത്തുവായി കാശ്യപനും. ഇവർ രണ്ടു മുനിമാരാവണം . അവരുടെ പാദം പതിഞ്ഞ് (താമസമാക്കിയ)പവിത്രമായ ഗുഹ എന്ന് കൊത്തിയിരിക്കയാണ്. ആരീതനെന്നത് ഹാരീതന്റെ ഗ്രാമ്യപദം. ഹാരിതി(ആരിതി)പുത്രനെന്ന് വാകാടകരാജാക്കന്മാർക്ക് ബിരുദമുണ്ട്.ചില ലിഖിതങ്ങളിൽ ആനൈ ആരീതി എന്നും കാണുന്നതുകൊണ്ട് ഹാരിതിവാകാടകവംശക്കാരായ കേരളരാജാക്കന്മാരുണ്ടായിരുന്നതിന് സൂചനയുണ്ട്. കരുംകാലക്കുടിലിഖിതങ്ങളിലും ആരീതിനാമം കാണാം. കായിപനെന്നത് കശ്യപന്റെ പ്രാകൃതനാമമാണ്. ഹാരീതി ആമലകി അഥവാ നെല്ലിയാണ്. ആമലകീപുരം തിരുനെല്ലി, നെല്ലിയാംപതി മുതലായവയും. ഒരുകാലത്ത് ആമലകീപുരം മുഴുവനും വാകാടകദേശത്തിന്റെ ഭാഗമായിരുന്നു. വാകാടകമെന്നാൽ മൂഷകമാണ്.അത്തുവായി എന്നത് അദ്വൈതിയുടെ ഗ്രാമ്യത്തമിഴാണ്.

3. കുന്നക്കുടി. ശിവഗംഗജില്ല. തിരുപ്പത്തൂര് കാരക്കുടി റോഡില് കുന്നക്കുടിയില് കുന്നിൻമുകളില് മുരുകൻകോവിലുണ്ട്. കുന്നിന്റെ മുകളിലായി സ്ഥലവാസികൾ ഞാനിയർമഠം (ജ്ഞാനികളുടെ മഠം) എന്നു വിളിക്കുന്ന ഗുഹയുണ്ട്. ഗുഹത്തളത്തിൽ ശിലാശയ്യയും 2 തമിഴ് ബ്രാഹ്മി ലിഖിതങ്ങളുമുണ്ട്.രണ്ടും ക്രി പി മൂന്നാം ശതകത്തിലേതാണ്.



ആദ്യത്തേതിന്റെ തുടർച്ചയാണ് രണ്ടാ മത്തേതെന്ന് കരുതുന്നു. ആദ്യത്തേത് കാപി ഊർ. ആതൻ ചാത്താൻ. (കാപിയൂരിലെ ആതൻ ചാത്താൻ)അഥവാ കാപ്പിയൂരിലെ ചാത്തിരസംഘ ത്തിലെ ആതൻ. ത്ത എന്ന കൂട്ടക്ഷരത്തെ എഴുതാനായി ആദ്യത്തെ ത കഴിഞ്ഞ് രണ്ടാമത്തെ തയ്ക്ക മുമ്പായി ഒരു പൂർണ്ണവിരാമ ചിഹ്നമിട്ടിരിക്കുന്നു. ഇതേ ചിഹ്നം കാപിഊർ എന്നു കഴിഞ്ഞും കാണാം. അതിനാൽ കാപ്പിയൂറ്റാ തൻചാത്താന് എന്നു കൂട്ടി വായിക്കാം.രണ്ടാമത്തേത് ഊറുതു(ഊറ്റുതു) എന്നാണ്.കാപ്പിയം ഒരു കുടിപ്പെയരാണ്. തൊൽക്കാപ്പിയർ, കാപ്പിയ ത്തൊൽക്കുടി ,കാപ്പിയാറ്റ് കാപ്പിയനാർ മുതലായ സംഘകാലപ്രയോഗ ങ്ങളിൽ ഈ പദമുണ്ട്. കാപേയഗോത്രമാവണം. ആതന് ചേരനാണ്. പേജ് 79 തമിഴ്നാട്ടുകൽവെട്ടുകളില് കാപ്പിയന് ചേന്ദനാരെന്ന പുലവരെ (പണ്ഡിതനെ)തൊൽക്കാപ്പിയരോടൊപ്പമാണ്പരാമർശിക്കുന്നത്.കാപേയ ഗോത്രം,വന്നേരിനാട്ടിലെ ചേന്ദനെന്ന ചേന്നാസ് എന്ന പഴയ പണ്ഡിത വംശം, ഇവ സ്മരണീയം.വന്നേരി ചാത്തിരർസംഘത്തിലാണ് കപ്പിയൂരിലെ ബ്രാഹ്മണകുടുംബവും പ്രസിദ്ധം.ഗുഹയിലേക്കുപോകുന്ന വഴി പാറമേൽ ചതുരമായി വെട്ടിയ ഒരിക്കലും വറ്റാത്ത ജലാശയം(ചുന,ഊറ്റ്)കാണാം. ഇത് വെട്ടിച്ചത് കാപ്പിയൂർ ആതന് ചാത്തിരനാണ് എന്ന് ലിഖിതത്തിന് അർത്ഥം.

4. എടക്കൽ . ഇപ്പോഴത്തെ സുൽത്താൻബത്തേരി എന്ന ഗണപതിവട്ടത്തിന് പഴയ പേർ നാലപ്പാട്ടുകുന്ന് എന്നായിരുന്നു. ഗണപതിവട്ടത്തിനു തെക്കുപടി

ഞ്ഞാറായി (നിരൃതികോണെന്ന വാസ്തുഭാഗത്ത്) 6 കിമീ അപ്പുറം , 4000 അടി സമുദ്രനിരപ്പിനു മുകളിൽ അമ്പുകുത്തിമലയിലെ പ്രകൃതിദത്ത ഗുഹകളിൽ നിരവധി ജ്യാമിതീയചിത്രലിപികളോടൊപ്പം തമിഴ്ബ്രാഹ്മി ലിഖിതങ്ങളുമുണ്ട്. ഒപനപവിരഅ(ഒപ്പനപ്പവീര) കടുമ്മിരതനചേര(കടുമ്മിപുതചേര, കടുമ്മിപുത്രചേര),കോപൂതിചേര , കോആതൻ ഇവ കൂടാതെ നടുവില് കുത്തും വരയുമിട്ട് അവസാനം ചേരചിഹ്നമായ പന വരച്ചതായി തമിഴ്നാട്ടു കൽവെട്ടുകളില് ശ്രീധര് (പേജ് 82-84)പറയുന്നു.ശയ്യാഗൃഹമില്ല, ശിലാശയ്യയില്ല,ശമണരുടെതല്ല. ഒപ്പ് ഒപ്പനെ എന്നത് അഴക് (സൌന്ദര്യം) ആണ്. അഴകപ്പനെന്നോ സുന്ദരനെന്നോ വരും. ഇതിലെ പകാരം രണ്ടുപ്രാവശ്യം വായിച്ചിട്ടുണ്ടെങ്കിലും അവ രണ്ടുവിധമാണ് എഴുതിയിരിക്കുന്നത്.



ആദ്യാക്ഷരം 2 പോലെയാണ്. രണ്ടു പനപ്രവരം (പന എന്ന വംശവൃക്ഷത്തിന്റെ 2 ശാഖ) ചേരന്റെ രണ്ടുശാഖയെ കുറിക്കുന്നതാവാം. അഴക് അഥവാ സുന്ദരനെന്നത് ചേന്നനെന്ന പദവുമാണ്.

ചേന്നോത്തപ്പനെന്നാൽ സുന്ദരവിഷ്ണു. വിഷ്ണു,മുരുകൻ,ചേരൻ,കാമദേവൻ, കൃഷ്ണനെന്നിവരെല്ലാം സൌന്ദര്യത്തിനു കേളികേട്ടവരാമ്,അഴകന്മാരാണ്. ദേവേന്ദ്രപുത്രനായ ജയന്തനും (ചേന്നന്റെ സംസ്കൃതപദം ജയന്തൻ) അപ്രകാരമാണ്.



കടുമ്മി(കടുമി) വള്ളുവക്കോനാതിരി കടുങ്ങോന്റെ പഴയ പ്രാകൃതനാമരൂപ

മാണ്.പൂത എന്നത് പുത്രനോ ബുധനോ(വിദ്വാൻ)ആവാം. കടുമ്മിപുത്രചേര നെന്നത് ഇപ്രകാരം നിർദ്ധാരണം ചെയ്യാം. കോപൂതിവീരനെന്ന വായന മറ്റു ലിഖിതങ്ങളെപ്പോലെ ഐരാവതം മഹാദേവന്റേതാണ്. അദ്ദേഹം ഈ ലിഖിതങ്ങളെല്ലാം ചിറ്ററചന്മാരുടേടോവാം എന്നു വിചാരിക്കുന്നു.



ഭൂത(ബുധ, പൂത)ഭൂതി(പൂതി)മുതലായ പ്രാകൃതഭാഷാനാമങ്ങൾക്ക് സദൃശ മായി സംസ്കൃ തത്തിലും ഭവഭൂതി മുതലായ നാമങ്ങളുണ്ട്. വയനാട്ടിലെ പൂതാദി(പൂതാടി) ഗ്രാമം ഭൂതാദിഗ്രാമമാണ്.ഇത് പഴക്കത്തെ സൂചിപ്പിക്കുന്ന നാമമാണ്. ചോ ളന്റെ കൊടുമ്പാലൂരിലെ വേളിർമാര് (കുറുനിലമന്നര്) പൂതി(ഭൂതി)ബിരുദം സ്വീകരിച്ചിരുന്നു. ഉദാഹരണം പൂതി വിക്രമകേസരി. ഭൂതപാണ്ഡ്യൻ, മുത ലായ നാമങ്ങളിലും ഇതുകാണാം.കടുമ്മി(കടുംകോ) പുത്ര ചേരന്റേതും ഭൂതി വീരനെന്ന കോ(രാജാവ്)വിന്റേതും ഇത്തരം കുറു നിലമന്നരുടെ ലിഖിതങ്ങളാവാം. നാലാം ലിഖിതത്തിലെ കോ ആതനെ ന്നത് ആതനെന്ന ചേരരാജാവിനെ കുറിക്കുന്നു.ഇതു കൂടാതെ നിരവധി സൈന്ധവലിപികളും ഈ ഗുഹാസമുച്ചയത്തിലുണ്ട്.

5. അമ്മൻകോവിൽപ്പട്ടി. സേലംജില്ലയിലെ ഓമലൂരിൽ ഓമലൂർ-താരമംഗലം റോഡിൽ പെരിയേരിപ്പട്ടിയൂരിന്റെ ചിറ്റൂരായി, അമ്മൻകോവിൽപ്പട്ടിഗ്രാമം സ്ഥിതിചെയ്യുന്നു.ഇവിടെ ഉപ്പാര്റിന്റെ വടക്കേക്കരയിൽ പെരുമാൾകോവി ൽപ്പാറയില് തേപ്പാലി എന്ന ചുനയുടെ (ജലസ്രോതസ്സ്)അടുത്ത് ഒരു ശിലാലിഖിതമുണ്ട്. രണ്ടുവരികളാണുള്ളത്. ര,ക മുതലായ ലിപികളുടെ കീഴോട്ടുള്ള വര ,ഇടത്തോട്ടുവളഞ്ഞ് മുള്ളുപോലെയാണ്. (തെക്കൻബ്രാഹ്മി ഛായ)ക്രി പി നാലാംനൂറ്റാണ്ടിലെയെന്നു കരുതുന്നു.



ആദ്യവരി: പരമ്പൻകോക്കൂർകിഴാർമകൻവിയക്കൻ. രണ്ടാംവരി:- കോപനകണതേവൻതൊടച്ചനൈ. കണതേവൻ കണ്ണദേവനാണ്. തൊട തൊട്ട എന്നും വായിക്കുന്നു. പരമ്പൻകോവിന്റെ കൂർ,(പറമ്പത്തളി, പറമ്പി മലരാജാവിന്റെ കൂർ)ആയ കിഴാരുടെ മകൻ വിയക്കൻ,ഗോപൻ കണ്ണ ദേവനാൽ തൊട്ടനുഗ്രഹിച്ച് നിർമ്മിച്ചുകൊടുക്കപ്പെട്ട ചുന(ജലാശയം). പരമ്പനെ വരമ്പനെന്നു മാറ്റിവായിച്ച് ഇമയവരമ്പനെന്ന ചേരനാമം നിർദ്ധാരണം ചെയ്തവരുണ്ട്. പറമ്പുമലവാണിരുന്ന പാരിവള്ളലിന്റെ കൂറുള്ള, പറമ്പിത്തളികിഴാറെന്നതുതന്നെ സംഘകാലചേരന്റെ കുറുനില മന്നരുടെ ലക്ഷണമാണ്. അവിടെ ചക്രവർത്തിയെ കുറിക്കുന്ന വാചക മാക്കി മാറ്റേണ്ട ആവശ്യമില്ല.കിഴാർ എന്ന പദത്തിലെ ഴകാരം മലയാള ലിപിയാണ്. അതിന് ഉയിർമെയ്യെഴുത്ത് ബ്രാഹ്മിശൈലിയില് ദീർഘമിട്ടി രിക്കയാണ് എന്നത് ഇതിലെ പ്രത്യേകതയാണ്.മലയാളം അക്ഷരമാലയു ടെ ലിപിവികാസഘട്ടത്തിൽ *ക്രി.പി നാലാംനൂറ്റാണ്ടിലെതെന്നു കരുതുന്ന ഈ ലിഖിതത്തിന് അതിനാൽ പ്രാധാന്യമുണ്ട്.ക്ലാസിക്കൽ പദവി കിട്ടാനു ള്ള തടസ്സങ്ങളിലൊന്ന്, മലയാളഭാഷക്കും ലിപിക്കും പഴക്കമില്ല,പുതുതാണ് എന്ന വാദംകൂടിയാകയാൽ ഇത്തരം ലിഖിതങ്ങളുടെ പ്രാധാന്യം നിസ്സാര മല്ല. ലിപികളുടെ പഴക്കം ക്രി പി നാലാംനൂറ്റാണ്ടാണെങ്കിൽ, വാമൊഴി അതിലും പഴയതാവണം.ഈ ലിഖിതം ജലാശയനിർമ്മിതിയെയല്ലാതെ ശമണന്മാരുടെ ധർമ്മത്തേയോ വാസസ്ഥാനത്തേയോ പരാമർശിക്കു ന്നില്ല (പേജ് 86).കോക്കൂരെന്നതിനെ ഒരു ഗ്രാമനാമമായെടുത്ത് കോവൂർ, കോങ്കൂർ (ഐ.മഹാദേവൻ)എന്നെല്ലാം വായിക്കാൻ ശ്രമിക്കേണ്ടതില്ല. പദം മുറിയുന്നത് പരമ്പൻകോക്കൂരെന്നല്ല, പരമ്പൻകോ,കൂർ എന്നാണ്.അത്*

ചരിത്രവുമായി യോജിക്കുന്നുമുണ്ട്.കുളംതൊട്ടു വളംപെരുക്കി(പട്ടിണപ്പാല 284)തൊട്ടണൈത്തുഊറും മണർക്കേണി(തിരുക്കുറൾ)എന്നിവയിലെ തൊട്ടു എന്ന അർത്ഥത്തിലാണ് ഇവിടെയും തൊട്ടു എന്ന പദം ഉപയോഗിക്കുന്നത്. ഇത് പറമ്പിമല പാരിവള്ളലിന്റെ സുഹൃത്തും കവിയും വൃദ്ധനുമായ കപിലരെന്ന പാരണരെ ഓർമ്മിപ്പിക്കുന്നു. വിയക്കനെന്നാൽ വിശാഖനക്ഷത്രത്തിൽ ജനിച്ചവനാണ്. വിശാഖംതിരുനാൾ എന്നർത്ഥം. ഗോപൻ (യാദവ) കൃഷ്ണനെന്ന കണ്ണന്റെ വംശമാണ്. സംരക്ഷിക്കുക എന്നർത്ഥമാണ് ഗോപന്.ആഴ്വാഞ്ചേരി തമ്പ്രാക്കളുടേതായിരുന്നു പറമ്പിത്തളിയെന്ന് സന്ദർഭവശാൽഓർക്കുന്നു. നേത്രനാരായണവംശമാണല്ലോ തമ്പ്രാക്കളും.

6. മന്നാർകോയിൽ: തിരുനെൽവേലിജില്ലയില് അംബാസമുദ്രത്തിൽനിന്ന് 6 കിമീ മാറി,അയ്യനാർകുളം ഗ്രാമം. അംബാസമുദ്രം-തെങ്കാശിറോഡിൽനിന്ന് ഈ ഗ്രാമത്തിലേക്ക് വഴിപിരിഞ്ഞുപോകുന്നു. പാപനാശത്തേക്കുള്ള റോട്ടിൽ ശിവനന്ദിപുരം എന്ന സ്ഥലത്തിറങ്ങി വടക്കോട്ടുള്ള പാതയിൽചെന്നാൽ ഇവിടെയെത്തും. അയ്യനാർകുളത്തിനുപിന്നില് പൊതികൈമലയാണ്. അതിമനോഹരമാണ് ഈ പ്രദേശം. അങ്ങിങ്ങ് ചെറിയ പാറകളുണ്ട്. ഇവയിൽ രാജാപ്പാറ,നിലപ്പാറ എന്നു വിളിക്കുന്ന രണ്ടുപാറകളിൽ ലിഖിതമുണ്ട്. രാജാപ്പാറയിലെ പ്രകൃതിദത്തഗുഹാതലത്തില് മുഖപ്പനെറ്റിപ്പകുതിയില് വെള്ളം പോകാനായി വെട്ടിയ പാത്തിയും ഉള്ളിൽ 2 ശിലാശയ്യകളും ഉണ്ട്.അകത്തെഭാഗത്ത് 3 വരിലിഖിതം കാലം ക്രി പി രണ്ടാംനൂറ്റാണ്ട്.



പള്ളി ചെയ്വിത്താൻ(വരി1) കടികൈവിൻമകൻ(വരി2) പെരുങ്കുത്താൻ (വരി3). കടികൈ(ഘടിക എന്നോ കടുങ്കോഎന്നോ)വിണ്മകൻ അഥവാ കടുങ്ങോന്റെ മകൻ പെരുംകുത്താന് (പെരുങ്കുറ്റൻ)പണിയിച്ച പള്ളി.

ഘടിക(കടിക) എന്നത് ഗ്രാമസഭാവിദ്യാലയം ,കലാലയം,ജ്യോതിശ്ശാസ്ത്ര ഗവേഷണകേന്ദ്രം മുതലായ അർത്ഥങ്ങളോടൊപ്പം രാജാവിന്റെ തല സ്ഥാനപദവിയുമുള്ളതാണ്..മാനംനോക്കി (നക്ഷത്രനിരീക്ഷണം)കിടക്കാൻ പാറപ്പുറത്തെ ശിലാശയ്യ ഉപയോഗിച്ചിരിക്കണം.വലിയ ഒരു ഘടികയുടെ അധിപനായ വല്ലഭനെപ്പോലെ ഒരാളുടെ മകനാണ് ഇവിടെ പറഞ്ഞ പെരുങ്കൂത്തൻ .(ഭീമൻഃ) കൂത്തനെന്നത് നൃത്തക്കാരനുമാണ്. വലിയ നൃത്തക്കാരനായ വ്യക്തി. ഈ വ്യക്തി ഇളങ്കോ കുടിയാണ്(യുവരാജാ). വിദ്വാന്മാരെ പ്രോത്സാഹിപ്പിച്ചിരുന്ന കലാലയം നടത്തിയിരുന്നവനാണ്. കടികൈമാനഗരം എന്ന് ഇലക്കിയങ്ങളിലുണ്ട്. കടിക അഥവാ വിജയ കടിക മുരചിമനയാണെന്ന് കാണുന്നു പല ലിഖിതത്തിലും. (ശരഭപുരി ലിഖിതം).



ഇവിടെ പറയുന്ന കുണാ(കണാപുരം) പുരിയിലെ യുവരാജാവും കടികൈരാജാവിന്റെ മകനുമായ മഹാനായ വ്യക്തി കുലശേഖരആഴ്വാരെന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹം ഇവിടെയാണ് തന്റെ അവസാനനാളുകൾ കഴിച്ചുകൂട്ടിയത്. മൂഷകവംശത്തിൽ വല്ലഭ പുത്രരായി ശിവനന്ദി,ഭവനന്ദിമാരെ പറയുന്നു. ഇവരാണ് വലഭിസർവ്വകലാശാലയുടെ ചുമതല വഹിച്ചിരുന്നത്. ഇവരാണ് നളന്ദസർവ്വകലാശാല രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയവരും എന്ന് ചരിത്രം. അങ്ങനെയിരിക്കെ , ശിവനന്ദിയുടെ നാമം വഹിക്കുന്ന ശിവനന്ദിപുരത്തിൽനിന്ന് വടക്കുള്ള ഈ സ്ഥലത്തെ നൃത്തവും ശാസ്ത്രവും വഴങ്ങുന്ന കടികൈവിന്മകൻ വല്ലഭ മൂഷകവംശത്തിലെ ഇളംകോവായ കുലശേഖരപ്പെരുമാൾ, പെരുങ്കു ത്താൻ ശിവനന്ദിതന്നെയാകാനാണ് ഞാൻ സാദ്ധ്യത കാണുന്നത്. നിലാപ്പാറ യിൽ രണ്ടുശിലാശയ്യയുള്ളതില് രണ്ടും ഗുഹയിലല്ല, പാറമുകളിലാണെന്നത് ജ്യോതിശ്ശാസ്ത്രനിരീക്ഷണത്തെ

സൂചിപ്പിക്കുന്നു.അവയുടെ ശിരോഭാഗത്ത് ക്രി പി രണ്ടാംനൂറ്റാണ്ടിലെ രണ്ടു വരി ലിഖിതം.ക്രിമു രണ്ടാംനൂറ്റാണ്ടിലെ ഇളംകോ ചിലപ്പതികാരകർത്താവായ നൃത്തനാട്യ സംഗീതകലാനിധി കൂടിയായിരുന്നതിനാൽ (ചിലപ്പതികാരം) പെരുംകൂത്താനെന്നു വിളിച്ചതായിരിക്കാമല്ലോ. 13ആം നൂറ്റാണ്ടിൽ കുലശേഖരആഴ്വാർക്കു വേണ്ടി ഇവിടെ ഒരു ക്ഷേത്രം പണിയിച്ചിട്ടുണ്ട്. കുണാവിൻളങ്കോ(വരി1) ചെയ്യിതപളി(വരി2) രാജാപ്പാറലിഖിതത്തിൽ പള്ളി എന്നും ഇവിടെ പളി എന്നുമാണ്. രണ്ടാം ലിഖിതത്തിലെ പള്ളി വെറും ശിലാശയ്യയെയാണ് ,ക്ഷേത്രത്തേയോ ചൈത്യത്തേയോ അല്ല എന്നും ശ്രദ്ധിക്കണം. പള്ളിയറ, പള്ളിയുറങ്ങുക എന്നാണ് ലിഖിതങ്ങളിലെ പള്ളിയുടെ പ്രയോഗം. വാസസ്ഥാനം എന്നല്ലാതെ ശമണക്ഷേത്രമെന്ന് പള്ളിക്ക് ലിഖിതത്തിൽ ഒന്നിലും അർത്ഥമില്ല.

കരൂരിനടുത്ത പുകളൂരിൽ പെരുങ്കടുങ്കോമകന് ളങ്കടുങ്കോളങ്കോ ആകി അറുപിത്ത കൽ എന്നു കാണാം.ഇവിടോയും അതുപോലെ, കുണാവിൻളങ്കോ എന്നേ ഉള്ളു . ഈ രണ്ടുലിഖിതവും ചേരരാജാക്കന്മാരുടേതാണെന്ന് പണ്ഡിതന്മാർ നിശ്ചയിച്ചിട്ടുണ്ട്.അംബാസമുദ്രത്തിലെ ക്ഷേത്രലിഖിതങ്ങളിൽ ആ പ്രദേശത്തിന്റെ പേര് ളങ്കോയ്ക്കുടി എന്നാണ് കാണുന്നത്. യുവരാജാവിന്റെ വാസസ്ഥാനമെന്ന് അർത്ഥം. പിൽക്കാലതമിഴസാഹിത്യത്തില് മണികൾതെരിന്ത ഇളംകോക്കള് എന്നു കാണുന്നതുവെച്ച് രത്നപരീക്ഷയിൽ വിദ്വാന്മാരായ വൈശ്യസ്വഭാവമുള്ളവരാണ് അന്നത്തെ യുവരാജാക്കന്മാരെന്ന് ഐരാവതം മഹാദേവന്. കുണാ (ഗുണാ)എന്നാൽ ഗുണവാനെന്നു മാത്രമല്ല,കുണദിശ(പടിഞ്ഞാറുദിക്ക്)യിലെ എന്നുമാണ്. കുണവായിൽക്കോട്ടമെന്ന പടിഞ്ഞാറേ ദ്വാരാപുരി(വാതിൽ)ക്കോട്ടയാണ് കുണാവിൻളങ്കോയുടെ സ്വസ്ഥാനം.പടിഞ്ഞാറുദിശ ചേരന്റെ കേരളഭൂമി. അതിന്റെ യുവരാജാവ് (ഇളങ്കോ). നിലാപ്പാറയിലും ചേരന്റെ വംശവൃക്ഷമായ പനമരം വരച്ചിരിക്കുന്നു (എടക്കൽ ഗുഹയിലെന്നപോലെ)ഇതേചിത്രമാണ് എടക്കലിലുള്ളതെന്ന് മഹാദേവൻ പറഞ്ഞിട്ടുണ്ട്.

7. കരുകാലക്കുടി:-മധുരജില്ല മേലൂർ-തിരുച്ചിറോഡിൽ കരുംകാലക്കുടിഗ്രാമം. ഇവിടെ പഞ്ചപാണ്ഡവർക്കുന്ന്. പ്രകൃതിദത്തഗുഹത്തളത്തില് ശിലാശയ്യ

കളുണ്ട്. തമിഴ്ബ്രാഹ്മി കൂടാതെ ഒമ്പതാം നൂറ്റാണ്ടിലെ വട്ടെഴുത്തുലിഖിത ങ്ങളുമുണ്ട്. ശിലാചിത്രങ്ങളുമുണ്ട്. വളരെക്കാലം തുടർച്ചയായി ജനവാസമു ണ്ടായിരുന്നതിന്റെ സൂചനകളാണിത്.



എഴൈയഊർഅരിതിപളി എന്ന് ലിഖിതം. എഴൈയഊരെന്നാല് കാലിമേച്ചനടക്കുന്ന ഇടയന്മാരുടെ ഇട യൂരാണ്. യാദവവംശക്കാരുടെ ഗ്രാമം. ഏടകം,ഏഴകം,നാടി,നാഴി എന്ന് ടകാരം ഴകാരമായും മാറിവരാം. അങ്ങനെ എടൈയഊരും എഴൈയ ഊരും ഒന്നാണെന്ന് കാണുന്നു (പേജ് 45)ഏഴിമല ഇടയവംശജരായ യാദവമൂഷകവംശക്കാരുടെയാണ്. ക്രി മു രണ്ടാംശതകത്തിലെ ലിഖിതമാണിത്. മാങ്കുളം,അരിട്ടാപ്പട്ടി ലിഖിത ങ്ങളെപ്പോലെ ദീർഘം(നെടിൽ) ഹ്രസ്വമായി(കുറിൽ)ഭട്ടി പ്രൊലുവിലേതു പോലെ പഠിച്ച് അർത്ഥം പറയണം.

8. മുതലൈകുളം മധുരജില്ല ഉശിലംപട്ടിയിൽ,മധുരക്ക് പടിഞ്ഞാറ് വിക്രമ (വിക്കിര)മംഗലത്തിനരികിലാണ് മുതലക്കുളം. വിക്കിരമംഗലത്തെ ചിന്ന ഉണ്ടാങ്കല്ലുമലയിൽ ഇരാക്കിപ്പടവു എന്ന ഗുഹയിലെ മുൻഭാഗത്ത് ക്രി മു രണ്ടാംശതകത്തിലെഴുതിയ ലിഖിതമുണ്ട്. 164 സെ മീ നീളമുള്ള തമിഴ് ബ്രാഹ്മിലിഖിതമാണ്. വേമപിറ്റഊർ പേർ അയ്അംചേതവർ. പാഠഭേദം. വേമ്പിറ്റൂർ പേർഅയ്അംചേതവർ(ഇന്ത്യാ കൽവെട്ട് ആന്വല് 1978-79),വേമ്പിറ്റൂർ (വേമപിത്തു,ചെമ്പ്ര ഊർ)മഹാസഭയാൽ ചെയ്യപ്പെട്ടത്.



അയം നാനാർഥമുള്ള പദമാണ്. നീർ,ചുനൈ, പള്ളം, കുളം,. ഗുഹ ഒരു ജലാശ യത്തെ നോക്കിനിൽക്കുന്നു. ചിന്നഉണ്ടാങ്കല്ലു മലക്കടുത്ത് മുതലക്കുളമെന്ന ഗ്രാമത്തിലെ കുളത്തിന്റെ പേര് 2 കിമീ ചുറ്റളവില്ലുള്ള വലിയകുളംകൊണ്ടു വന്നതാണ്. പേർഅയം (വലിയ കുളം)എന്നപേരും അതുകൊണ്ടാണ് ലിഖിതത്തില്ലുള്ളത്. വേമ്പിൽ എന്ന നാട്ടിലെ ജനങ്ങളാണോ ചെമ്പ്രനാ

ട്ടിലെ ജനങ്ങളാണോ ഈ വലിയകുളമുണ്ടാക്കിയതെന്ന് പണ്ഡിതന്മാർക്കിടയില് സംശയം നിൽക്കുന്നു. ഇന്ത്യാ ഇൻസ്ക്രി പ്ഷൻസ് ആന്വലിലുള്ളത് ചെമ്പ്ര എന്നാണ്. ഇത് കേരളത്തിലാണുള്ളത്. സംഘംകൃതികളിലെ പുറനാന്നൂറിൽ 317ആം പാട്ട് പാടിയ കുമരനാരും ,കുറുന്തൊകൈയിലെ 362ആം പാട്ടുപാടിയ കണ്ണൻകൂത്തനാരും വെമ്പില് ഊരുകാരാണ്. നമ്പിതിരുവിളയാടൽ പാടിയ ചെല്ലിനഗർപെരുംപറ്റപ്പുലിയൂർനമ്പിയും (കേരളത്തിലെ പെരുഞ്ചെല്ലൂർനഗരത്തിലെ പെരുംപറ്റ പുലിയൂർനമ്പി-കേരളത്തിലെ പ്രസിദ്ധമായ തന്ത്രി കുടുംബം) മധുരക്കോവ പാടിയ ശങ്കരനാരായണനും ,പാണ്ഡ്യനാട്ടിലെ മധുരക്കു വടക്ക്കിഴക്ക് വൈകൈനദിയുടെ വടക്ക് ശിവഗംഗജില്ലയിലെ വെമ്പിൽഊരുകാരോ. ചരാമലൈ അന്താദിപാടിയ വേമ്പയർകോന് നാരായണന് ഇതേ നാട്ടുകാരനാണോ. പെരിയ ചിന്നമന്നൂർചെപ്പേടില് കളവഴിനാട്ട് വേമ്പത്തുര് എന്ന പേരില് ഒരു നാടിനെ പറയുന്നു.

പെരിയാറിനുതെക്ക് വെമ്പൊലിനാട്(വെൺപൊലിനാട്)എന്ന് സംഘകാലത്ത് അറിയപ്പെട്ടിരുന്നു. വേമ്പിറ്റൂർ,വേമ്പത്തൂർ എന്ന് ലിഖിതത്തിലുള്ളത് ഈ വെമ്പൊലിനാടാണെന്നു കരുതണം.മധുരക്ക് അടുത്തുള്ള ഈ പ്രദേശവുമായി ബിസി 1000 മുതല് വാണിജ്യബന്ധമുണ്ട്. മധുരയുടെ വാണിജ്യം ഇത്തരം കടലോരനഗരങ്ങളിലൂടെയായിരുന്നു. കേരളത്തിൽ വേമ്പനാട് കായലെന്ന പേരിൽ ഒരു തടാകം തന്നെയുണ്ടെന്നതും ഓർമ്മിക്കണം.

അഴകർകുളം. 12 ശിലാലിഖിതങ്ങളുണ്ട് ഇവിടെ. മധുരക്ക് വടക്ക് 24 കി മീ മാറി പ്രസിദ്ധമായ അഴകർകോവിൽകാണാം. ഈ ക്ഷേത്രം നിൽക്കുന്ന മലക്ക് ചോലൈമലൈ ,ഇരുങ്കുന്റം,ഇടപഗിരി, തിരുമാൽകുന്റം,തിരുമാലിരുംചോലൈ മുതലായ പേരുകളുണ്ട്. അഴകർകോ വിലിനു ചുറ്റുമുള്ള കോട്ടയുടെ പ്രധാനവാതിലിനു പുറത്തുനിന്ന് കിഴക്ക് മേലൂർപോകുന്ന പാതയില്,മലയടിവാരത്തിൽ സുന്ദരരാജൻപട്ടി,കിടാരിപ്പട്ടി മുതലായ ഊരുകൾകാണാം. ഇവയുടെ അരികിൽമലകളുടെ ഉയർന്ന ഭാഗത്ത് പ്രകൃതിദത്തഗുഹാതളവും അതിലൊരു ചുനയും (ജലസ്രോതസ്സ്)ഉണ്ട്. ഗുഹത്തളത്തിലെ ശിലാശയ്യയിലും ഗുഹയുടെ നെറ്റിപ്പകുതിയിലെ മഴവെള്ളംപോകാൻ വെട്ടിയ വിളുമ്പിലും മേലും കീഴുമായി ലിഖിത

ങ്ങളെഴുതിയിരിക്കുന്നു.
ചെങ്കാവികൊണ്ട് പക്ഷിമുഖമുള്ള മനുഷ്യർ,മാൻ മുതലായ മൃഗങ്ങൾ, മുതലായ ഗുഹാചിത്രങ്ങളുമുള്ളതിനാല് ശമണർക്കുമുമ്പുതന്നെ ഈ ഗുഹ പഴങ്കുടികളുടെ (ആദിവാസികൾ)വാസസ്ഥാനമായിരുന്നു എന്ന് അനുമാനിക്കുന്നു.ക്രി പി 9-10 നൂറ്റാണ്ടുവരെ തുടർച്ചയായ മനുഷ്യവാസമുണ്ടായിരുന്നു.വട്ടെഴുത്തുലിപികളും ശമണരുടെ രൂപവും ഇത് കാണിക്കുന്നു. ഗുഹത്തളത്തോടു ചേർന്നാണ് വലിയ ജലസ്രോതസ്സ്. ക്രി മു ഒന്നാംനൂറ്റാണ്ടിലെ ഒരു ലിഖിതം ഇപ്രകാരമാണ്ഃ



മതിരൈയ പൊൻകൊൽവൻഅതൻ അതൻ. മധുരയിലെ പൊൻകൊല്ലന് (തട്ടാൻ) ആതൻ ആതൻ. ഒടുവിൽ തട്ടാന്റെ ചിഹ്നവുമുണ്ട്.ഇതിന് പല പാഠ ഭേദങ്ങളും ഉണ്ട്. മത്തിരൈയപൊൻകുലവനഅതന അതന്(കൃഷ്ണശാസ്ത്രി), മത്തിരൈപ്പൊൻകുലവൻഅതനഅതാന(ആർ.നാഗസ്വാമി),മത്തിരൈപ്പൊൻകൊല്ലൻഅതാൻഅതാൻ(മയിലൈശീനി),മതിരൈയ് പൊൻകൊലവൻഅതൻഅതൻ(ഐ.മഹാദേവൻ)മത്തിരൈപ്പൊൻകുലവൻഅതൻഅതൻ(ടി വി മഹാലിംഗം).
ഇതിന്നടുത്തായി ക്രി മു 1ആം നൂറ്റാണ്ടിലെ മറ്റൊരു ലിഖിതമുണ്ട്.



അനാകനന. ഇതിന്റെ പാഠഭേദങ്ങൾ അനകനൻ(കൃഷ്ണശാസ്ത്രി),
അനകനം(സുബ്രഹ്മണ്യഅയ്യർ),അനാകൻ(ആർ നാഗസ്വാമി),
അനാകൻത(ഐ മഹാദേവന്),അനകനേന(ടി വി മഹാലിംഗം)
ക്രി മു ഒന്നാം നൂറ്റാണ്ടിലെ മറ്റൊരു ലിഖിതം ഇങ്ങനെഃ



മത്തിരൈകേ ഉപ്പുവാണികൻ വിയകൻ കണതികൻ. പാഠഭേദങ്ങൾഃ-മത്തിരൈ കൊപ്പുവണികൻ യകനകോനതികന(കൃഷ്ണശാസ്ത്രി), മത്തിരൈ ഉപ്പുവണികൻ വിയകൻ കണതികൻ(ആർ നാഗസ്വാമി),മത്തിരൈകേ ഊപുവണികനെന്ന്

മയിലൈശീനിയും, ഉപ്പുവണികൻ വിയക്കനെന്ന് ഐ.മഹാദേവനും മത്തരൈ കൊപ്പുവണികനെന്ന് ടി.വി മഹാലിംഗവും വായിച്ചിരിക്കുന്നു.



കണകഅതൻമകൻഅതന് അതനെന്നാണ് നാലാമത്തെ ലിഖിതം. കനക അതനമോകനെന്ന് കൃഷ്ണശാസ്ത്രിയും ആര്.നാഗസ്വാമിയും വായിക്കു ന്നു. കണാദികൻ കണകഅതൻ മകൻ അതൻ അതൻ(ഐ.മഹാദേവൻ) വിയക്കന് കണാദികൻ എന്ന് ടി വി മഹാലിംഗം, ഇയകൻ എന്ന് മയിലൈശീനി. മുമ്പിലത്തെ ലിഖിതത്തിന്റെ തുടർച്ചയായിട്ടാണ് മഹാ ദേവനടക്കം പലരും ഈ ലിഖിതം വായിച്ചിട്ടുള്ളത്.



അഞ്ചാംലിഖിതം ചപമിതാ ഇന പമിത്തി (സർപ്പമിത്രാ എന്ന പ്രമിത്തി) എന്നാണ്. ശമണസന്യാസിനിയെ സൂചിപ്പിക്കുന്നു.പാഠഭേദങ്ങൾഃ- ച(മ)മിചിനമിതതി എന്ന് കൃഷ്ണശാസ്ത്രി, സപമിത ഇൻപോമിത്തി (ആർനാഗ സ്വാമി) സമ്മിസിൻമിത്തി(മയിലൈശീനി),സപമിതാ ഇനപമിത്തി (ഐ.മഹാ ദേവൻ) സപമിചിൻമിത്തി(ടി.വി.മഹാലിംഗം)



ആറാമത്തെ ലിഖിതം പാണിതവാണികൻ നെടുമലൻ. നെടുമല്ലനെന്നും നെടുമാലനെന്നും വായനകളുണ്ട്.നെടുമാൽ, വിഷ്ണുവാണ്. നെടുമാലെ ന്നാവാനും സാദ്ധ്യത തള്ളിക്കളഞ്ഞിട്ടില്ല. പാണിതം ശർക്കരപ്പാക്കും പണിതം പച്ചക്കർപ്പൂരവുമാണ്. പാഠഭേദങ്ങൾഃ-രുപനിതിവണി(ക)ന്നടുമലൻ(കൃഷ്ണശാസ്ത്രി)
പണിതവാണികൻനെടുമലൻ(ആർ നാഗസ്വാമി)
പണിതവണികൻനെടുമലൻ(സുബ്രഹ്മണ്യഅയ്യർ)
പണിതവണികൻ നെട്ടുമൂലൻ(മയിലൈശീനി)
പാണിതവാണികൻ നെടുമലൻ(ഐ മഹാദേവൻ)
പണിതിവണികൻ നെടുമലൻ(ടി.വി മഹാലിംഗം)
ഏഴാം ലിഖിതം കൊഴവണികൻ എളചന്തൻ.



കലപ്പയുടെ ഭാഗമായ കൊഴ വാണിഭം ചെയ്യുന്ന ഇളംചന്ദൻ ഇളയചന്ദ്രൻ. പാഠഭേദങ്ങൾഃ-(വണി) കനയളനതൻ(കൃഷ്ണശാസ്ത്രി) വണികൻയുളനാതൻ(സുബ്രഹ്മണ്യഅയ്യർ) കൊഴവണികൻഎളചന്ദൻ(ആർനാഗസ്വാമി,ഐ.മഹാദേവൻ) കൊഴവണികൻ ഇളചന്ദൻ(മയിലൈ ശീനി),കൊഴവണികൻയുളചന്ദൻ(ടി വി മഹാലിംഗം)



എട്ടാംലിഖിതം ഞ്ചികഴമാറനതാൻതാരഅണിഈ കൊട്ടുപിതാഅവൻ. ഞ്ചി എന്നാണ് ആദ്യാക്ഷരം. ഏതോ ഒരക്ഷരം വിട്ടുപോയിട്ടുണ്ടെന്ന് കരുതണം. ഴകാരം ടകാരമായി (എഴുപ്പതൽ എടുത്താൽപോലെ) കട്ട മാറനെന്നും വായിച്ചിരിക്കുന്നു.പാണ്ഡ്യനാട്ടിലെ യുവരാജാവോ ചിറ്ററചനോ ആയിരിക്കാമെന്നും അനുമാനിക്കുന്നു.താരണി എന്നാൽ വെള്ളം ഒഴുകിപ്പോകുന്ന വിളിമ്പ്,അത് ഒഴുകിയെത്തുന്ന ചുന .അതിനെ നിർമ്മിച്ച വ്യക്തി ആഞ്ചി കടുമാറനാഥനെന്നാവാം. ആഞ്ചിക്കുപകരം വഞ്ചി എന്നുമാവാം. വഞ്ചി കടു(ഴ)മാരൻ ആതൻ നിർമ്മിച്ച താരണി (ജലസ്രോതസ്സ്).അടുത്ത ലിഖിതം



തൻമൻകസപൻഅവതിരഅഅരഉമകുടുപിതോ. ധർമ്മന് (തന്മൻ)കശ്യപൻഅവർതിരുഅരവും(ആരമും)കൊടുത്തു. ധർമ്മനും കശ്യപനും രണ്ടാളാവണമെന്നില്ല. ധർമ്മകശ്യപൻഅവർകൾക്ക് തിരുഅറമായി(ശ്രീധർമ്മം) ധർമ്മദാനം ചെയ്തു കൊടുത്തു. അല്ലെങ്കിൽ 3 മുതല് 9വരെയുള്ള ലിഖിത വരികളിൽപറയുന്ന എല്ലാവരുംകൂടി ധർമ്മ കശ്യപന്മാർക്കു വേണ്ടി ,അവരോടുകൂടി,ഈ സ്ഥാനം പണിചെയ്തു വിദ്യാസ്ഥാനമായി ദാനം ചെയ്തു എന്നാവണം. (ജലാശയം ഉൾപ്പെടെ).. വിഷ്ണുക്ഷേത്രം, പാലക്കാട്ടെ കാശ്യപക്കുറിച്ചി എന്ന കാച്ചാംകുറിച്ചിയുടെ സാമീപ്യം, ആദിമകാലം തൊട്ടേ മനുഷ്യവാസമുണ്ടെന്ന

കാണിക്കുന്ന ഗുഹാചിത്രങ്ങൾഎന്നിവ കൂടി കണക്കിലെടുക്കണം. തിര(രു)വരവും അഥവാ തിരയരവും എന്നതിന് രണ്ടുപ്രാവശ്യം അക്ഷരമെഴുതിയത് ശ്രദ്ധേയ മാണ്. ഇത് അതിപ്രാചീനരീതിയാണ്.



അടുത്ത ലിഖിതം വെൺപളിഈ അറുവൈവണികൻഎളഅഅടൻ. അറുവൈ എന്നതിന് തുണി എന്ന് അർത്ഥം.അറുവൈചികിത്സ എന്നാൽ സർജറിയുമാ ണ്. വെൺപള്ളി അറവൈ വണികൻ ഇളയഅടൻ(അതൻ) അഥവാ ഇള യേടൻ(ഇളയ ആതൻ).കേരളത്തിൽ അറുവായി എന്ന ഒരു മുത്തശ്ശിക്കാവ് ഉണ്ട്. കാട്ടകാമ്പാൽപഴഞ്ഞി(പഴവഞ്ചി)ഭാഗത്തുള്ള ചേര വരമ്പത്തു (ചെറുവ രമ്പത്തു)കാവാണ് ഇത്.എളയ എന്നതിന് എളഅ എന്നെഴുതിയിരിക്കുന്നത്



ലിപി പ്രാചീനമെന്നതിനു തെളിവാണ്.

ഇനി വരുന്ന ലിഖിതം തീയൻചാന്തൻഎന്നാണ്. തീയൻ(ഈഴവൻ) ചാന്ത ൻ(ശാന്തൻ). ധർമ്മകാശ്യപന് തിരുഹാരം (വീരശൃംഖല)ചാർത്തിക്കിട്ടിയ തീയൻശാന്തനാണ് മേൽപ്പറഞ്ഞ വരികളില് പറഞ്ഞ ധർമ്മദാനകർത്താ ക്കളുടെ പേരുകൾ ഇവിടെ കൊത്തിവെച്ച ലിപികനെന്നു ധരിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ വിശേഷണം വെൺപള്ളി അറവവാണികന് ഇളയേടനെ ന്നാണ്.



അവസാനം വരുന്നത് രണ്ടു ശില്പ്പികളുടെ പേരാണ്. കാണിനാകാൻ കാണിനാതാൻ ഇരുവർ അമകൽ. കാണിനാഗനും കാണിനാഥനും ആണ് ശിൽപ്പികൾ.നാഗനും നാഥനും കാണി എന്ന ബിരുദമുള്ള വാസ്തുവിദഗ്ധരാണ്. കേരളത്തിലും വാസ്തുവിദ്യാ വൈഭവമുള്ള ഒരു തറവാടിന് കാണിപ്പയ്യൂരെന്നാണ് പേരെന്നത് ഓർക്കണം. (വാസ്തുവിദ്യാ,നാഗ,വേദപാരമ്പര്യമുള്ള കുടുംബം) തലപ്പള്ളിതാലൂക്കിലെ കുന്നംകുളത്ത് ഇപ്പോഴും ഇവരുണ്ട്. കാണി ദർശകനായ ശിൽപ്പിയാണ്. കാണികളെന്ന ആദിവാസികളുടെയെല്ലാം ആദിപ്രപിതാമഹനും

.വിശ്വകർമ്മാബ്രാഹ്മണരുടെ ഉത്ഭവകാലത്തെ സൂചിപ്പിക്കുന്ന പദമാണ് കാണിനാമം.ജ്യോതിഷവും വാസ്തുവും ഒന്നായിരുന്ന കാലമാണത്.

ഇവിടെ ലിപികൻ(തീയൻ ചാന്നാനെന്ന ശാന്തൻ) ശിൽപ്പികൾ(കാണി നാഗനും നാഥനും)എന്നിവരുടെ ദാനം സേവനദാനമാണ്.അതും പരാമർശിക്കുന്നു.കശ്യപനാഗധർമ്മം ആണ് ഇവരെല്ലാവരും പിന്തുടരുന്നത്. കാരുക്കളെന്ന ശിൽപ്പികളുടെ വർഗ്ഗത്തെക്കുറിച്ച് ശ്രീലങ്ക,തമിഴകം എന്നിവിടങ്ങളിലെ ചരിത്രരേഖകളിലുള്ളതെല്ലാം ഇവിടെ സ്മരിക്കുന്നു. മരം(കൊഴ) ഉണ്ടാക്കുന്ന ആശാരി,സ്വർണ്ണപ്പണിക്കാരൻ(തട്ടാൻ)തുടങ്ങി എല്ലാ ശിൽപ്പികളേയും ഈ ഗുഹാലിഖിതത്തില് പറയുന്നതും ശ്രദ്ധേയമാണ്. വിഭജനം പ്രൊഫഷണലാണ്,ജാതിവർഗ്ഗീയാടിസ്ഥാനത്തിലല്ല എന്നതും ശ്രദ്ധിക്കണം.അക്ഷരവിദ്യക്ക് ധീയോനായ(തീയൻ)ചാന്നാനെന്ന ശാന്തനാണ്. ധീ (ബുദ്ധി)അഗ്നി(തീ)പോലെയുള്ള വാക്കിനെ ജനിപ്പിക്കുന്നു. (ധീയോ യോ ന പ്രചോദയാത്) .വാസ്തു,ജ്യോതിശ്ശാസ്ത്രവിദ്യക്ക് ദർശകനാവണം(കാണി).സൈന്ധവഹരപ്പൻസംസ്കൃതിയിലെ ഞണ്ടുചിഹ്നത്തോടു സദൃശമായ 3 ചിഹ്നങ്ങളുണ്ട് അഴകർമല ലിഖിതങ്ങളിൽ.



മധുര ഉപ്പവാണികന്‍ വിയക്കന്‍കണതികന്‍, സര്‍പ്പമിത്രഎന്ന പ്രമിത്തി, പാണിതവാണികന്‍നെടുമലന്‍,കൊഴവണികന്‍ എളച്ചന്ദന്‍, തീയന്‍ചന്ദന്‍എന്ന് അഞ്ചുനാമങ്ങള്‍ക്കു പിന്നിലായി ഒരു ചിഹ്നം വരുന്നു. രണ്ടാമത്തെ ചിഹ്നം മധുരപൊന്‍കൊല്ലന്‍ആതന്‍ആതന്, കണകആതന്‍മകന്‍ആതന്‍ആതന്‍എന്ന രണ്ടു നാമങ്ങള്‍ക്കു പിന്നിലാണുള്ളത്. വെണ്‍പളിഈ അറുവൈവണികന്‍എളയേടന്‍എന്ന ഒരുനാമത്തിനു പിന്നിലായി മൂന്നാം ചിഹ്നവും കാണുന്നു.ഇത് കൊടുമണല്‍ഖനനത്തില്‍കിട്ടിയ മണ്‍പാത്രക്കഷ്ണത്തിലും കാണുന്നു.സ്വര്‍ണ്ണത്തേയോ , കുലഗോത്രത്തേയോ കുറിക്കുന്ന മുദ്രയാകണമെന്ന് അഭിപ്രായം. സ്വര്‍ണ്ണമെന്നാല് സ്വര്‍ണ്ണനാണ്യമാവാം. അവിടെ ഗുഹാനിര്‍മ്മിതിക്കായി ദാനം ചെയ്ത സ്വര്‍ണ്ണത്തിന്റെ അളവ് കാണിക്കാനാവാം മുദ്ര.മയിലൈ ശീനിവെങ്കടച്ചാമി ത*ന്റെ* സംഘകാലത്തു ബ്രാഹ്മികല്‍വെട്ടുകള്‍എന്ന പുസ്തകത്തില്,ഇത് പറഞ്ഞിട്ടുണ്ട്. എന്നാല്‍പാത്രക്കഷ്ണത്തിലും കാണുന്നതുകൊണ്ട് ഉടമസ്ഥന്റെ കുലഗോത്രമുദ്രയാകാനും സാദ്ധ്യതയുണ്ട്.

സൈന്ധവലിപിയിലും സദൃശമായ ചിഹ്നമുള്ളതിനാല് ഇത് പഴയ കുല ഗോത്രചിഹ്നമാവണം. ലങ്കയിലെ അനക്കോട്ടയിൽകിട്ടിയ ബ്രാഹ്മിയും മുദ്രയും കലർന്ന ലിഖിതങ്ങളില് ഇത്തരം മുദ്രകൾക്ക് ധ്വനി ഉച്ചാരണമുണ്ട് എന്നത് പ്രധാനമാണ്.

9. ചിത്തന്നവാശൽഃ പുതുക്കോട്ടജില്ല ഇലുപ്പൂരെന്ന സ്ഥലത്ത് പാണ്ഡ്യകാല ശിൽപ്പങ്ങൾക്ക് പ്രസിദ്ധമായ ചിത്തന്നവാശല് എന്ന സ്ഥലമുണ്ട്. ഇവിട ത്തെ മലയുടെ കിഴക്കുവശത്തുള്ള ഗുഹത്തളം ഏഴടിപാട്ടം എന്നാണ് പ്രാദേ ശികജനങ്ങളാൽ വിളിക്കപ്പെട്ടുന്നത്.ശിലാശയ്യകളുടെ വശത്തും തലഭാഗ ത്തുമായി ആഴത്തിൽ മനോഹരമായി കൊത്തിയ തമിഴ് ബ്രാഹ്മി ലിഖിത ങ്ങളുണ്ട്. 16 ശിലാശയ്യകളും മദ്ധ്യകാലതമിഴ്ലിഖിതങ്ങളുമാണുള്ളത്. ക്രി.മു ഒന്നാം നൂറ്റാണ്ടിലേതാണ് ബ്രാഹ്മിലിഖിതം. രണ്ടുവരിയാണ്.



എരുമിനാട്ടുകുമ്മുഊർപിറൻതാകാവുടിഈതെൻകുറിറ്റ്ത്താ-(വരി 1). നനകുമറുവോമൽഇളയർചേയ്ത്താ അതിട്ടഅനമ(വരി 2). എരുമിനാടിലെ കുമ്മൂരില്(കുഴൂർ)പിറന്ന കാവുടി ഈ തെൻകുറ്റസ്ഥാനകത്തിലമരുന്ന അമരുന്ന ഓമൽഇളയവർചെയ്യിച്ച അധിഷ്ഠാനം. എരുമിനാട് മഹിഷ മണ്ഡലം. മാഹിഷ്മതി.കേരളവും മഹാരാഷ്ട്രവും കർണ്ണാടകവും ചേർന്നതാ ണ് പഴയകാലത്തെ മൂഷകവംശജരുടെ മഹിഷമണ്ഡലം. (കേരളത്തിൽ എരുമപ്പട്ടി എന്ന സ്ഥലമുണ്ട്) മഹിഷമണ്ഡലത്തിലെ കുഴമൂര് എന്ന സ്ഥലം സംഘകാലചേരന്റെ ഒരു രാജധാനിയായിരുന്നു.കാവിതി, ഗൌന്തി, (കൌന്തി)ഗൌഡി എന്നിവ കാവുകളില് വസിക്കുന്ന സന്യാസിനി,സന്യാസിമാരുടേതാണ്. ഗൌഡി(ഗൌരി)എന്ന തപസ്വിനിയുടെ നാട്. മാഹിഷ്മതിയിലെ കുഴമീരിൽപിറന്ന കാവിതിക്ക് (കാവിരി)തെക്കൻകുറ്റ്(കുറ്)ജ്ഞാനകത്തിലമരുന്ന ഇളയവൻ(യുവ രാജാ)നിർമ്മിച്ച അധിഷ്ഠാനം., കാവുതി(ഗൌരി) ഇളയവന്റെ ഭാര്യ

യോ(ഗൃഹസ്ഥനെങ്കിൽ) ഗുരുവോ(ജ്ഞാനിയായ ശിഷ്യനെങ്കിൽ)ആകാം. ഇതിന് പലപാഠഭേദങ്ങളുണ്ട്. തെങ്കുചിറുപോചി ൽ (തെക്കേ ചെറുവാതിൽ) ആണ് ഒന്ന്. വായിൽ(വാതിൽ)എന്ന തമിഴ വാക്ക് ഹൊചില്ലു എന്ന് കന്നടമാക്കി,അതിനെ തമിഴിലെഴുതുമ്പോഴാണ് പോചിൽഎന്നാവുന്നത്. ഐരാവതംമഹാദേവന് ഇപ്രകാരം തമിഴാക്കിയ കന്നടപദമായിട്ടാണ് വായിക്കുന്നത്. തെക്ക്(മലയാളം)തെർക്ക്(തമിഴ്) ഇവക്കുപകരം തെങ്കു എന്ന് പ്രയോഗിച്ചതായും അദ്ദേഹം കരുതുന്നു. എന്നാൽ തമിഴിൽ തെൻ, എന്നുമാത്രം പ്രയോഗിച്ചാലും തെക്ക് എന്നർത്ഥമാണ് .തെന്മധുര, തെന്നാട്ടുമന്നന് മുതലായ പദങ്ങളാണ് ഉദാഹരണം.അതിനാൽ തെൻകുറ്റിത്താനകം (തെക്കൻകുറ്റ്സ്ഥാനകം)എന്നുതന്നെയാണ് ശരി എന്ന് ഞാൻവിചാരിക്കുന്നു. തെക്കൻകുറ്റിലെ സ്ഥാനകം, ജ്ഞാനകം ഇവയിലേതെന്നാണ് സംശയം.ഒന്നുകിൽ തെക്കൻകുറ്റിലെ സ്ഥാനി,അല്ലെങ്കിൽ തെക്കൻകുറ്റിലെ ജ്ഞാനി. ഇളയർതുളുനാട്ടിൽനിന്നു വന്ന വീരന്മാരുടെ പരമ്പരയാണെന്ന ഐരാവതം മഹാദേവന്റെ വാക്ക് ശരിയെങ്കിൽ,തെക്കൻകുറ്റിലെ സ്ഥാനിയായ വീരൻക്ഷത്രിയപരമ്പരയാവണം,ജ്ഞാനിയല്ല .എങ്കിൽ, അദ്ദേഹത്തിന്റെ സ്ത്രീ(എരുമനാട്ടിലെ കുഴുമൂരിലെ (കാവിതി)ഒന്നുകിൽഭാര്യയാവാം, അല്ലെങ്കിൽഗുരുവാകാം. യുദ്ധത്തിലും ഭരണത്തിലും നന്നായി പരിചയം നേടിയശേഷമാണ് വീരക്ഷത്രിയപരമ്പരയിലെ ഇളയര്(ഇളംതലമുറ)രാജപദവിക്ക് അർഹരായിരുന്നുള്ളു.രാജപദവിക്ക് അർഹരല്ലാത്തവർ സേനാനായകരായും സേവകരായും (യുദ്ധത്തിൽസേവനം) ചെയ്യുന്നവരായും തീരുന്നു. ഇവർക്ക് നടു കൽനാട്ടി ആദരിക്കുന്ന പതിവുണ്ട്. നടുകൽവെട്ടുകളില് ഇവരെ പില്ലാലത്ത് സേവകരെന്നു വിളിക്കുന്നുണ്ട്. പുകളൂർലിഖിതത്തില് അതിട്ടാനം എന്ന് എഴുതിയത് ഇവിടെ അതിട്അനം എന്ന് എഴുതിയിരിക്കുന്നത് പഴക്കം കാട്ടുന്നു.(അധിഷ്ഠാനം ഇരിപ്പിടം, വാസസ്ഥലം). തമിഴ്, കന്നട,മലയാളനാടുകളുടെ പഴയകാലബന്ധത്തെ നേരിട്ടറിയിക്കുന്നതാണ് എന്ന പ്രത്യേകത ചിത്തന്നവാസല്(സിദ്ധന്മാരുടെ വാതിൽ)ലിഖിതത്തിനുണ്ട്. എരുമൈനാട് സംഘകാലകൃതികളിലുമുണ്ട്. സംസ്കൃതത്തിലെ മാഹിഷ്മതി മഹാബലിയും കാർത്തവീര്യാർജ്ജുനനും

ഭരിച്ച നാടാണ്. ഇവർരണ്ടുപേരും കേരളത്തിന് ബന്ധമുള്ളവരുമാണ്. കാവുതി ജൈനമതക്കാരിയായ സന്യാസിനിയേയും വിളിക്കുന്ന നാമമാണ്. ചിലപ്പതികാരത്തിലെ കവുന്തിയടികളെന്ന സന്യാസിനിയെ ഓർക്കുക. സ്ത്രീ കളിൽ ജ്ഞാനികളായ വിദുഷികളുണ്ടായിരുന്നു. (പെൺകുറത്തി) സിദ്ധയാ യ അന്നയുടെ(അമ്മ)വാതിലെന്നാണ് ചിത്തന്നവാസലിന് അർത്ഥം.

10. അയ്യർമലഃകരൂർജില്ല കുളിത്തലയില്,സത്യമംഗലത്തെ ചേർന്ന അയ്യ ർമല എന്ന ചിറ്റൂരിലെ രത്നഗിരീശ്വരർമലയിൽ,മുകളിലുള്ള പ്രകൃതിദത്ത ഗുഹത്തളത്തിൽ ശിലാശയ്യയും ലിഖിതവുമുണ്ട്.ലിഖിതകാലം ക്രി മു ഒന്നാംനൂറ്റാണ്ട്   .



പനൈതുർത്തവെമ്പൻഅതട്അനമ്. പനത്തുറയിലെ വെമ്പന്റെ അധി ഷ്ഠാനം.റൈ എന്ന് അക്ഷരം ആദ്യം എഴുതാന് മറന്ന് ,പിന്നീട് തു,വെ എന്നീ അക്ഷരങ്ങൾക്കിടയില് അൽപ്പം മുകളിലായി എഴുതിച്ചേർത്ത നിലയിലാണ്. പനൈത്തുറൈ തമിഴുവാക്ക്. വെമ്പൻ, അതട്ടാനം ഇവ സംസ്കൃതത്തിന്റെ പ്രാകൃതപദങ്ങൾ.പന ചേരന്റെ കുലവൃക്ഷം. തുറൈ തുറമുഖം കടലോരനഗരം. അല്ലെങ്കിൽ നദീതീര ത്തോ കൈയലോരത്തോ ധാരാളം പനവളരുന്ന സ്ഥലം. അത്തരമൊരു പ്രദേശത്തല്ല ലിഖിതം കാണുന്നത്. ചേരന്മാരുടെ കരുവൂരില് ,സത്യപുത്രരുടെ സ്ഥലമാകയാലും അധികം അകലെയല്ലാതെ കാവേരി ഉള്ളതിനാലും പന ചേരന്റെ വംശ വൃക്ഷമാകയാലും പേർഅന്വർത്ഥം തന്നെ. മൂന്നുരേഖയുള്ള മരമായിട്ടാണ് (മൂന്നു ശാഖ) എടക്കല്ലിലെ പന വരച്ചിരിക്കുന്നത്.(ചേരന്മാരുടെ മൂന്നുശാഖ) വെസ്സ,വൈശ്യ എന്നർത്ഥമാണ് വെസൻഎന്ന് വായിച്ചിരിക്കുന്നു(പേജ് 57).വണികനെന്ന് അർത്ഥം വരും. വിസ്സ എന്നതിൽനിന്നുണ്ടായ സവൈ ശ്യ എന്നർത്ഥവും കൽപ്പിച്ചിട്ടുണ്ട്. എന്നാൽ പനൈത്തുർത്ത്(പനത്തുരു ത്ത്)അഥവാ പനത്തുറയി ൽ വാസൻ(വസിക്കുന്നവൻ)എന്ന അർത്ഥമായി രിക്കും കൂടുതൽശരിയെന്ന് എനിക്ക് തോന്നുന്നു.

11. തിരുമലഃശിവഗംഗജില്ലയിലെ തിരുമല കുടൈവരൈക്കോവിലിന്നു മുകളിലെ മലയിൽ പഴയ പാറച്ചിത്രങ്ങളും(റോക്ക് ആർട്ട്) രണ്ട് തമിഴ്ബ്രാഹ്മി ലിഖിതങ്ങളുമുണ്ട്. മലമുകളിലെ വടക്കുഭാഗത്ത് ഉള്ള ഗുഹ ത്തളത്തിന്റെ മുഖപ്പപ്പാറയിൽ വെട്ടിയ ലിഖിതം ക്രി മു ഒന്നാംനൂറ്റാണ്ടി ലേതാണ്.



ഇതിനെ വാ കരൺടൈ എന്ന് പലപ്രമുഖരും വായിച്ചിരിക്കുന്നു. ആദ്യ നാലക്ഷരത്തിലും ദീർഘം ഇരിക്കെ ഇങ്ങനെ വായിച്ചതിന്റെ കാരണ മറിയില്ല.കരണ്ടൈ എന്നാൽ ഗുഹ,ഗുഹത്തളം എന്ന് നിഖണ്ഡുവിലും തമിഴ് പേരകരാതിയിലും കാണുന്നതുകൊണ്ടാവണം. കരടു ചെറിയ കുന്ന്. അതി ന്റെ ഗുഹ കരണ്ടൈ. എന്നാൽ കാരാണൈ എന്നതിനാണ് കാരാണ്ടൈ എന്ന് വെട്ടി എഴുതിയിരിക്കുന്നത്. ലിഖിതത്തിന്റെ ആദ്യഭാഗം ഇല്ലതാനും. മലയുടെ മുകളിലെ വടക്കുഭാഗത്ത് താഴെയുള്ള ഗുഹത്തളത്തിന്റെ നെറ്റിപ്പ കുതിയിലാണ് രണ്ടാമത്തെ ലിഖിതം.



എരുകാട്ടു ഊരുകാവിതി കോൻകോറിയപളിയ.ഇതിലെ കോറിയ (കൊ)എന്നതിന് കൊറ്റിയ എന്നും പളിയ എന്നതിന് പള്ളി എന്നും വായിച്ച് കൊറ്റിയപ്പള്ളി എന്ന് വായിക്കുന്നത് കാണുന്നു. ഏരുകാടെന്ന ഊരിലെ കാവിതിക്കോനെന്ന രാജാവിന്റെ ഐശ്വര്യ (കൊറ്റ)പ്പള്ളി എന്ന് അർത്ഥം.എരുകാട് ഏർക്കാട്(തെക്കും വടക്കും ആർക്കോട്ടുജില്ല) ആണെ ങ്കിൽ, അവിടത്തെ കോവിലധികാരി അഥവാ കാവിതിക്കോന് ആണ് ഇതിന്റെ നാഥൻ.തിരുപ്പരംകുന്റം ലിഖിതത്തിൽ എരുകാട്ടൂർ, പിള്ളയാർപ്പ ട്ടിലിഖിതത്തിൽ,എക്കാട്ടൂരെന്ന് ഈ ഊരിനു പേരുണ്ട്. അതിനാൽ പാ ണ്ഡ്യനാട്ടിലാവണം ഇതെന്ന് ഐരാവതം മഹാദേവൻ. ഏർക്കാട്ടൂർ(എരു ക്കാട്ടൂർ)തായങ്കണ്ണനാർ (അകം 149,319, പുറം397)പാടിയ പാട്ടുകൾ സംഘ കാലതമിഴ്സാഹിത്യത്തിലുണ്ട്. സ്വാമിനാഥയ്യര് ഇത് തിരുവാരൂരിനടുത്താ

കാമെന്നു കരുതുന്നു. കാവിതിബിരുദം വേളാളർ,വൈശ്യർ,അമാത്യർ, കണക്കന്മാർ,നികുതിപിരിക്കുന്ന ക്ഷത്രിയർ (ദേവാലയത്തിൽ) ഇവർക്കെല്ലാം കൊടുത്തിരുന്നു. കോവിലിന്റെ കാരാണ്മയുള്ള കോവിലധികാരികളുടെ പേരായി ഉപയോഗിച്ചിരുന്നു. നേരത്തേ ഈ ബിരുദം സ്ത്രീകൾക്കും കൊടുത്തിരുന്നതായി നാം ചിത്തന്നവാസൽലിഖിതത്തില് കണ്ടു. തിരുമലയിലെ ഈ ലിഖിതവും ആന്ധ്രതിരുമലയിലെ ചില കാര്യങ്ങളും തമ്മിലുള്ള താരതമ്യം ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് കാണുക.അത് ആന്ധ്ര,കേരള,തമിഴ്നാടുകളുടെ ബന്ധം വ്യക്തമാക്കും.

13. തിരുപ്പരംകുന്റം.

മധുരാനഗരത്തിനു തെക്ക് 5 കിമീ ദൂരെയാണ് തിരുപ്പരംകുന്റം.ഈ കുന്നിന്റെ പടിഞ്ഞാറുഭാഗത്ത് ഉയരം കൂടിയ സ്ഥാനത്ത് ,പ്രകൃതിദത്തഗുഹത്തളങ്ങളുണ്ട്. ശിലാശയ്യകളും ലിഖിതങ്ങളുമുണ്ട്. (ശയ്യയുടെ വലത്തും തലഭാഗത്തും).മൂന്നുലിഖിതങ്ങളാണുള്ളത്. ശയ്യയുടെ തലഭാഗത്ത് വലത്തുനിന്ന് ഇടത്തോട്ട് തലകീഴായി ആദ്യലിഖിതം. ശയ്യയുടെ തലഭാഗത്ത് ഇരുന്ന് നോക്കുന്നവർക്ക് ഇത് ഇടത്തുനിന്ന് വലത്തോട്ട് വെട്ടിയിരിക്കുന്നതായി തോന്നും. ക്രി മു ഒന്നാം നൂറ്റാണ്ട് കാലം.



അന്തുവാൻപണിയിച്ച ശിലാശയ്യയാണ് എന്നർത്ഥം. സംഘകാലത്ത് രണ്ടു പുലവർക്ക് (പണ്ഡിതർ)അന്തുവാനെന്ന ബിരുദനാമം കാണുന്നു. രണ്ടുശിലാശയ്യകളുടെ വശങ്ങളിലായി രണ്ടു തുണ്ടുകളിലായിട്ടാണ് രണ്ടാം ലിഖിതം .



ആദ്യപദം ശയ്യയിൽ വലതുവശം വലത്തുനിന്ന് ഇടത്തോട്ട് തലകീഴായിട്ടാണ്. .കയമെന്നത് മറ്റൊരുശയ്യയുടെമേൽ സാധാരണരീതിയിൽ, വല

ണ്ണനിന്ന് നേരെ എഴുതിയിരിക്കുന്നു.മാരായം രാജാവു കൊടുക്കുന്ന ഒരു പട്ടമാണ്. ഇപ്രകാരം ബിരുദം കിട്ടിയ ഒരാൾനിർമ്മിച്ച കയം(ജലാശയം) എന്നാണ് അർത്ഥം. വരിയായി നിർമ്മിച്ച ശിലാശയ്യകളുടെ തലഭാഗത്ത് പിൻവശമുള്ള പാറമേല് നീളത്തിൽവെട്ടിയത് മൂന്നാമത്തെ ലിഖിതം. മറ്റു രണ്ടും ക്രി മു പത്താംശതകം. ഇതുമാത്രം ക്രിപി ഒന്നാം ശതകം. ആദ്യപകുതി യിലെ ലിപി തടിച്ചതും ബാക്കി മെലിഞ്ഞതുമാണ്. നടുവിലായി ഒരു കുത്തു ക്കോട്(നേർരേഖ)കാണാം.



ഏർക്കാട്ടൂരിലെ ഈഴക്കുടുംബികനായ പോലാലയനുവേണ്ടി അയ്(ആയ്) ചയ്യൻനെടുഞ്ചാത(ത്ത)ൻ ചെയ്യത്.ഇതിന് നിരവധി പാഠഭേദങ്ങളുമുണ്ട്. ശിവഗംഗ തിരുമലലിഖിതത്തിലും ഏർക്കാട്ടൂരെന്ന നാമമുണ്ട് എന്നു കണ്ടു. തിരുപ്പത്തൂരിലാണോ ഇതെന്ന് ചിലർസംശയിക്കുന്നു. സംഘകാലത്തെ പുറനാന്നൂറില്!(പുറം 397) ഏർക്കാട്ടൂര് തായങ്കണ്ണനാര് എന്ന പുലവന് ഈ ഊരുകാരനാണ്.ഏർക്കാട്ടൂരിനെ എരുക്കുവളരുന്ന കാടുള്ള ഊരാക്കി എരുക്കുകാട്ടൂരാക്കുന്നതിന്റെ ആവശ്യകത ഇല്ല. ഏർക്കാട് തമിഴ്നാട്ടില് ആപേരിൽത്തന്നെ പ്രസിദ്ധമായ ഊരായി ഇന്നും അവശേഷിക്കുന്ന സ്ഥിതിക്ക്.ഈഴക്കുടുംബികൻ അഥവാ കുടുംബത്തലവൻ(ഗൃഹപതി)ഈ ലിഖിതത്തിലുണ്ട്. ഇഴ,ഈഴ എന്നത് കള്ളുവെട്ടിയിറക്കുന്ന തൊഴിലിനെ കുറിക്കുന്നു എന്ന് ഐരാവതം മഹാദേവൻ. പോലാലയനെന്നത് ദാനം ചെയ്യവന്റെ പേരാകാം. ആയ് ചയൻ(ആയ് യാദവ,ചയൻ ശയന) നെടും ചാത്തൻ ആണ് ശിൽപ്പി. കിടക്കുന്ന ശയനവിഷ്ണുവിന്റെ ആരാധകരായ ആയ് വേൾ(വേണാട്ട്)ഉള്ള നാട്ടിലെ നെടും(വലിയ)ചാത്തനാണ് എന്ന് വിചാരിക്കണം.

14. മുത്തുപ്പട്ടിഃ മധുരജില്ല,മധുരയുടെ തെക്ക് വടപഴഞ്ചിക്കരികിൽ മുത്തുപ്പട്ടി ഗ്രാമം.അവിടെ കരടിപ്പട്ടിമലയിൽ മൂന്നു തമിഴ്ബ്രാഹ്മിലിഖിതമുണ്ട്. കരടിപ്പട്ടിമലയെ പെരുമാൾമലയെന്നും വിളിക്കുന്നു.220 മീ ഉയരമുള്ള

ഈ മലയുടെ തെക്കേ പകുതിയിൽ പ്രകൃതിദത്തഗുഹത്തളമുണ്ട്. പ്രാദേശികജനത പഞ്ചവർപട്ടുക്കൈ(അഞ്ചുപേരുടെ കിടപ്പസ്ഥാനം)എന്നാണ് ഇതിനെ അറിയുന്നത്.ഗുഹയുടെ മുഖപ്പിൽ മഴവെള്ളം ഒഴിഞ്ഞുപോകാൻ വിളിമ്പുവെട്ടിയിട്ടുണ്ട്. ഇതിന്റെ മുഖപ്പിലും ശയ്യക്കരികിലും ചെറിയ ഗുഹത്തളത്തിലുമായി മൂന്നു ലിഖിതം. ചെറുഗുഹത്തളത്തിൽ ഒരു ചെറു പാറ ശയ്യയായി വെട്ടിനിർത്തിയിട്ടുണ്ട്. അതിന്റെ അകഭാഗം ,നന്നായി ചെത്തുക്കാതെ മേട്ടം പള്ളവുമായി കിടക്കുന്ന ഭാഗത്ത് തലകീഴായി വലത്തുനിന്ന് ഇടത്തോട്ട് ക്രി മു ഒന്നാംനൂറ്റാണ്ടുലെ ലിഖിതം.



നാഗാ പേരുദൈയ മുചിരി(ത്)ക്കോടൻഎളമകൻ.ഇതിലെ പേരുദൈയ എന്നത് പേരുരാന്ത എന്ന് മാറ്റിവായിച്ച് നാഗപ്പേരുരിലെ അന്തൈ എന്നു പറയുന്ന രീതിയാണ് ചരിത്രകാരന്മാർഅവലംബിച്ചുകാണുന്നത്. ഇത് വളഞ്ഞുമൂക്കുപിടിക്കലാണ്. പേരുദയ എന്നാൽ മഹാ ഉദയം (മഹോദയം)നാഗ(ര)മഹോദയത്തിലെ മുചിരിക്കോടന്റെ ഇളയമകനെന്ന് അർത്ഥം ഉള്ള ഈ ചരിത്രലിപിയെ ഇങ്ങനെ വികൃതമാക്കിയത് ശരിയായില്ല.ക്രി മു 200നടുത്ത് മഹോദയനെന്ന മൂഷകവംശരാജാവ് ജീവിച്ചിരുന്നു.അദ്ദേഹത്തിന്റെ ഇളയമകനാണ് ഇവിടെ ക്രി മു ഒന്നാം നൂറ്റാണ്ടിലെ ഈ ലിഖിതത്തിൽ പരാമർശിക്കപ്പെട്ടത്.മുചിരി അഥവാ മുസിരി(മുയിരിക്കോട്) എന്ന പദവും ഇവിടത്തെ മുചിരിക്കോടനെന്ന പദവും എത്ര മാത്രം ചരിത്രത്തോട് ഒത്തുപോകുന്നു. അങ്ങനെയിരിക്കെ മുചിരിയിലെ കോടനും ,ഇളമകൻ എന്ന ഒരാളും കൂടി നാഗപ്പേരുരിലെ ആന്തക്ക് കൊടുത്ത ദാനമെന്ന വായന ഒട്ടും ശരിയല്ല. മാത്രമല്ല, രണ്ടാം ലിഖിതം ഇതിന്റെ തുടർച്ചയോ അനുബന്ധമോ ആണെന്നതാ

ണ് മറ്റൊരു തെളിവ്.



ഇവിടെയും വിന്തയൂരിലെ ചൈയ്അളനാൽ നിർമ്മിക്കപ്പെട്ട ഗുഹത്തള മെന്ന് തെറ്റായി വായിച്ചിരിക്കുന്നു. മുചിരിക്കോടൻ എളമകന്റെ ചെയ്യാളൻവിന്തൈ (മുചിരിയുവരാജാവിന്റെ അത്ഭുതകരമായകൃതി അഥവാ കാവ്യം). വിന്തൈ(അത്ഭുതം).ഊർക്കാവിയം –തമിഴ്ഭാഷാ കാവ്യം പ്രസിദ്ധമായ ഇതിഹാസം.ഇളമകനെന്നത് യുദ്ധവീരനെന്നല്ല, യുവരാജാവ് ഇളങ്കോ എന്നാണ് വായിക്കേണ്ടത്. ചെയ്യാളനെന്ന പദ ത്തെ ലങ്കസിംഹളബ്രാഹ്മിയിലുള്ള ചൈംഹല,അലഹബാദ് തൂണിലെ ചൈംഹലക ഇവയോട് ഐരാവതം മഹാദേവന് തുലനം ചെയ്തിട്ടുണ്ട്. കവി എന്നാൽ ഗുഹയാണെന്നുള്ള നിർദ്ധാരണം ഒട്ടും ശരിയല്ല. കമി ഴ്ത്തിപ്പിടിക്കുക എന്നതിന് കാവിയമെന്നല്ല,കുവിത്ത് എന്നാണ് തമിഴിൽ പറയുക.വിന്തൈ എന്ന പദത്തിന് അത്ഭുതകരം,കൊറ്റവൈ, അഴക്, അറിവ് മുതലായ അർത്ഥങ്ങളുണ്ട്. ഐശ്വര്യവും അഴകും അറിവുമുള്ള വിസ്മയകരമായ കാവ്യം ചെയ്തവനും നാഗ(ര)പേരുദയനായ മുചിരി ക്കോടന്റെ ഇളയമകനുമാണല്ലോ മുസിരിസ്സിലെ പ്രസിദ്ധരാജകുമാര നായ ഇളങ്കോഅടികൾ. അദ്ദേഹത്തിന്റെ ചിലപ്പതികാരരചനയെ ക്കുറിച്ചുള്ളതാണ് ലിഖിതം.മൂന്നാംലിഖിതമുള്ളത് പഞ്ചവർ (പഞ്ചപാണ്ഡ വർ)പട്ടുക്കൈ എന്ന വലിയ ഗുഹത്തളത്തിലെ ശിലാശയ്യയിലാണ്. ഇത് ക്രി പി ഒന്നാംനൂറ്റാണ്ടിലേതാണ്.



മുത്തുപ്പട്ടിയിലെ തിടിയൻകുന്ന് കാക്കുന്ന(കാത്താൻ)രാണവവീരരായ അഞ്ച്(അഞ്ചുപേർ)എന്നാണ് ഇതിന്ന് അർത്ഥം.

15. മാമണ്ടൂർ:-തിരുവണ്ണാമല ജില്ല. ചെയ്യാറിൽ കാഞ്ചീപുരം വന്തവാശി ശാലയിൽ,കാഞ്ചീപുരത്തുനിന്ന് 12 കി മീ അകലെയുള്ള തൂശി എന്ന

ഊരിനരികിലാണ് മാമണ്ടൂർ. വേറെയും മാമണ്ടൂരുകളുള്ളതിനാൽ ജുശിമാമണ്ടൂരെന്നു പറയുന്നു. മഹേന്ദ്രവർമ്മന്റെ കുടവരൈക്കോവില്യക ൾ ഇവിടെയാണുള്ളത്.വലിയഏരിക്കടുത്ത ചെറിയ കുന്നിലെ ചെറിയ ഗുഹത്തളമുകപ്പിൽ തമിഴ്ബ്രാഹ്മിലിഖിതമുണ്ട്.പല്ലവന്റെ കുടവരൈക്കോ വില്യകൾക്ക് വടക്കുള്ള ചെറുകുന്നിലെ പ്രകൃതിദത്തഗുഹത്തളത്തിലെ മുകപ്പുഭാഗത്ത് മുമ്പ് പന്തലുണ്ടായിരുന്നതായി തുളകൾ സാക്ഷ്യപ്പെട്ടു ത്തുന്നു. രണ്ടുതുളകൾക്കു മദ്ധ്യേ നാലുവരിയിലാണ് ലിഖിതം.



തേന്യൂർതന്ന കോൻകണിമാന്റെ
കുന്ന്(ഇതിൽപന്തൽതാങ്ങും)ആചിചെയ്താൻ തച്ചൻചിറുതവൻ.
ഒല്ലൈയൂർ തന്ത ഭൂതപ്പാണ്ഡ്യൻ.(പുറം 71),പാണ്ഡിയൻ കാണപ്പേർതന്ത ഉക്കിരപ്പെരുവഴുതി(പുറം 367)മുതലായ സംഘകാലസാഹിത്യവാചകം പോലെയാണ് തേന്യൂർതന്ത കോൻഎന്ന പ്രയോഗം.ഇത് വെറ്റിപെറ്റ (ജയിച്ചുകീഴടക്കിയ)എന്നർത്ഥമാണ്. കണിമാനെന്നാൽ ഗണിച്ചും പഠിച്ചും അറിഞ്ഞവിദ്വാൻ,ദർശകൻ,ജ്യോതിശ്ശാസ്ത്രജ്ഞൻ മുതലായ അർത്ഥങ്ങളുണ്ട്. കണിമാൻറെ തേന്യൂരിനെ ജയിച്ച് കീഴടക്കിയ രാജാ വിന്റെ കുന്ന് ഇവിടെ തച്ചൻ ചിറുതവന് നിർമ്മിച്ചത്.

16. തൊണ്ടൂർ. വിഴുപ്പുരം ജില്ല സെഞ്ചിയില് സെഞ്ചിനിന്ന് വടക്കുകിഴക്ക് 22 കിമീ ദൂരെയാണ് തൊണ്ടൂർ.തൊണ്ടൂരിന്റെ തെക്കുഭാഗത്തെ കുന്നിൽ പഞ്ചനാർപ്പടിഎന്നു വിളിക്കുന്ന പ്രകൃതിദത്തഗുഹയുണ്ട്. ഗുഹത്തളത്തിനു പുറത്ത് പാറയിൽ രണ്ടുവരിയായി ലിഖിതം. കാലം ക്രി പി മൂന്നാംനൂറ്റാ

ണ്ട്   .



തുടക്കത്തിൽ ഇകാരത്തിന്റെ മൂന്നുപുള്ളി ഉള്ളതുപോലെ മങ്ങിക്കാണു ന്നതിനാൽ ഇളങ്കായിപൻഎന്നു വായിക്കാം. അവസാനത്തെ മൂന്നുവര (ഒന്നിനു കീഴെ ഒന്ന്)സൈന്ധവലിപിയിലുള്ളതുപോലെ മൂന്നു ശിലാശ യ്യകളെ കാണിക്കുന്നു.ഇലങ്കാധിപൻ പറഞ്ഞപ്രകാരം അകഴൂരിലുള്ള വർചെയ്ത അറം(ധർമ്മം)ഈ അധിഷ്ഠാനം ചെയ്തത് മോചിയാണ്. അകലൂർഎന്ന ഒരു സ്ഥലം തൊണ്ടൂരിനടുത്തുണ്ട്. അതാവാം അകഴൂ രെന്ന് വിചാരിക്കുന്നു. തിരുത്തുമൊഴി മോചി പാടിയ ആയ്യും(പുറം 158) എന്നതിലെ മോചിയുടെ സൃഷ്ടിയാണ് ഈ അധിഷ്ഠാനം.

17. കുടുമിയാൻമലഃ   പുതുക്കോട്ടജില്ല. പുതുക്കോട്ടനിന്ന് 16 കിമീ ദൂരെ കുടുമി യാൻമല. ഇവിടെയുള്ള കുടവരൈക്കോയിൽ ഏഴാംനൂറ്റാണ്ടിലെ സംഗീ തലിഖിതത്താൽ പ്രസിദ്ധമാണ്. ഈ മലയുടെ തെക്കുപടിഞ്ഞാറെ പാറച്ചെരിവിൽ, പ്രകൃതിദത്തഗുഹത്തളവും ശിലാശയ്യയും ഒരു ലിഖിത വുമുണ്ട്. ൾ,ൻമുതലായ അക്ഷരങ്ങൾക്ക്   പുള്ളിയുണ്ട്. കൊ എന്ന തിൽ ഒകാരം കുറിലിനെ (ഹ്രസ്വഒകാരം)കാണിക്കാനും പുള്ളിയുണ്ട്.



പയ് എന്നതിനിടക്ക് ളി ഉണ്ടെന്നു പള്ളി (പള്ളിയ്)എന്ന് എല്ലാവരും വായിക്കുന്നു.അതിന്റെ ആവശ്യകതയില്ല. വേദമെന്നതിന് പ്രാകൃതഭാഷ യില് പയ്ന (പയ് ന)എന്നാണ് പറഞ്ഞിരുന്നത്. നാഴൾകോവിന്റെ (നാഴൽരാജാവിന്റെ)തന്തൈ(പിതാ)വേദം. നാഴൾപ്പൂ സംഘകാലകൃതി

കളിൽ പ്രസിദ്ധമാണ്. നാഴൾപൂമരത്തെ പുലിനഖക്കൊന്ന, മയിൽക്കൊന്ന എന്നാണ് വിളിച്ചിരുന്നത്.കൊന്നച്ചൂടുന്ന രാജരാജേശ്വരനാണ് ശിവൻ.ശിവന്റെ പിതാവ് ബ്രഹ്മദേവന്.ആ ബ്രഹ്മാവിന്റെ വേദം പൈന. ശിവന്റെ പിതാവായ ബ്രഹ്മന്റെ വേദം.

18. തിരുച്ചിറപ്പള്ളിഃ- മലക്കോട്ടയില് മലയില് പടിഞ്ഞാറുവശം പ്രകൃതിദത്ത ഗുഹയിൽ തളത്തില് ഒരു ബ്രാഹ്മിലിഖിതവും ,പിൽക്കാലത്തെ വട്ടെഴുത്തുകളുമുണ്ട്.ക്രി പി മൂന്നാംനൂറ്റാണ്ടിലെ ലിഖിതം വളരെയധികം മാഞ്ഞിട്ടുണ്ട്. പൻകേ എന്നുമാത്രം തെളിഞ്ഞുകാണാം. ചെനകായി പങ്കേ എന്ന് മയിലൈശീനിയും ഌപകകാരി എന്ന് Annals of Indian Inscriptions (1937-38)ഉം വായിച്ചിരിക്കുന്നു.ഌപകരാജ്യത്തെ കാരി (വേളിര്)എന്ന് അര്ത്ഥം വരും.

19. നെകന്നൂർപട്ടിഃ- തിരുവണ്ണാമലൈ സെഞ്ചിയിലാണ് നെകന്നൂർപട്ടി. ഇവിടെ അടുക്കൻകല്ല് എന്ന പ്രകൃതിദത്തഗുഹത്തളങ്ങളുണ്ട്. അതിനുപുറത്ത് തെക്കുഭാഗത്തെ പാറമേൽ,പിൽക്കാലതമിഴ്ബ്രാഹ്മിലിഖിതങ്ങളും കാണാം. നാലുവരിയിലാണ് ലിഖിതം.,ചുറ്റും ഒരു ചതുരം ഉണ്ട്. വ്യഞ്ജനാക്ഷരങ്ങൾക്ക്പുള്ളിവെച്ചിട്ടുണ്ട്.എഴുത്തുകൾക്ക് തലൈക്കോട് ഉണ്ട്. മഴയും വെയിലും കൊണ്ട് അക്ഷരം തേഞ്ഞിട്ടുണ്ട്.ക്രി പി നാലാം നൂറ്റാണ്ട് ലിഖിതകാലം .



പെരുംപുകഴ്(വലിയകീർത്തി)ചേക്കന്തിയുടെ അമ്മ(തായാർ) ചേക്കൻതണ്ണി ചെയ്യിച്ച പള്ളി.ചേ കുട്ടി.ചെറുപ്പക്കാരൻ,യുവാവ്.(കാളൈ). കന്തൻ,കന്തി എന്നീ രണ്ടുനാമങ്ങൾക്കു മുന്നില് ചേ എന്ന വാക്ക്

ചേർത്തിരിക്കുന്നു.ചേയ് കന്തന്റെ അമ്മ,ചേയ് കന്തന്റെ അണ്ണി (ജ്യേഷ്ഠന്റെ ഭാര്യ) ആണ് ധർമ്മം ചെയ്തിരിക്കുന്നത്.അവർ പ്രസിദ്ധ യുമാണ്. (പെരുംപുകഴ്).പെരുംപുകഴ് ഒരു സ്ഥലമാണെന്നും അത് അടുത്തുള്ള പെരുംപൊകൈഊരാണെന്നും ഇതില് പറയുന്ന സ്ത്രീ അവിടത്തുകാരിയാണെന്നും അനുമാനിക്കുന്നവരുണ്ട്.

20. അരച്ചെല്ലൂർ:ഈറോഡ് ജില്ല.ഈറോഡ് –കാങ്കേയംചാലയിലാണ് അരച്ചെല്ലൂർ സ്ഥിതിചെയ്യുന്നത്.ഇവിടത്തെ നാഗമലയിൽ ആണ്ടിപ്പാറ എന്നുവിളിക്കുന്ന സ്ഥലത്ത് പ്രകൃതിദത്തഗുഹയും ശിലാശയ്യയുമുണ്ട്. ശിലാശയ്യകൾക്കിടയിലായി പ്രസിദ്ധമായ 3 സംഗീതലിഖിതങ്ങള് പിൽക്കാലതമിഴ്ബ്രാഹ്മിയില് കാണുന്നു. 1960ലാണ് പുലവർ ഇരാശു ഇവയെ കണ്ട് തിരിച്ചറിഞ്ഞത്. രണ്ടുവരിയായി ശിലാശയ്യകൾക്കിട യില്ലുള്ള ലിഖിതം ക്രി പി നാലാംനൂറ്റാണ്ടിലേതാണ്.



മലൈവണ്ണക്കൻ തേവൻചാത്തന് സംഗീതാക്ഷരങ്ങളെ (എഴുത്തിനെ) ചേർത്ത് സൃഷ്ടിച്ചത്. ആദ്യാക്ഷരം ഹ്രസ്വമായ എകാരമെന്നു കാണി ക്കാനായി ഉള്ളിൽ പുള്ളിയുണ്ട്. ഈ ലിഖിതത്തിന്റെ ഇടത്തുവശം 5 വരിയിൽ ഒരുലിഖിതമുണ്ട്. ഇതും നാലാം നൂറ്റാണ്ടിലേതാണ്. സംഗീത ധ്വന്യാക്ഷരങ്ങൾ ഉയരത്തിലും അകലത്തിലും വരിയായി ഒരു ചതുരത്തി നകത്ത് (column-Row-Table) വൃത്തിയായി ഭംഗിയായി എഴുതിയിരിക്ക യാണ്. മുകളിൽനിന്ന് കീഴോട്ടും ഇടത്തുനിന്ന് വലത്തോട്ടും നോക്കിയാ ൽ ഒരേ മാതിരിയാണ് ഈ എഴുത്തുകൾ.

ത തൈ താ തൈ ത

തൈ താ തേ താ തൈ

താ തേ തൈ തേ താ

തൈ താ തേ താ തൈ

ത തൈ താ തൈ ത

ആദ്യലിഖിതത്തിന്റെ വലത്തുവശത്ത് മറ്റൊരു ലിഖിതം കാണാം.

കൈ ത തൈ ത കൈ

ത കൈ ത കൈ ത

തൈ ത കൈ ത തൈ

ത കൈ ത കൈ ത

കൈ ത കൈ ത കൈ

- എഴുത്തും എന്നതുകൊണ്ട് ,എഴുത്തുമാത്രമല്ല, സംഗീതവും അറിഞ്ഞവനാണ് തേവൻചാത്തനെന്ന് വ്യംഗ്യം.വണ്ണക്കൻ പൊൻപണം പരിശോധിക്കുന്നവനും ,സംഗീതവർണ്ണവും അക്ഷരവർണ്ണവും നിറങ്ങളും അറിയുന്നവനുമാണ്. ഈ പ്രദേശത്തെ കൊടുമണലിൽ സംഘകാലത്ത് വർണ്ണമണികള് നിർമ്മിക്കുന്ന തൊഴിൽശാലകളുണ്ടായിരുന്നു. ചിലപ്പതികാരഉരയിൽ (ചിലമ്പ് 17.13 ഉരൈ)അടിയാർക്കുനല്ലാർ, പടവടിവഉശൈക്കുറിപ്പുകൾ (പാലൈ)ഉണ്ടെന്നും അവ വട്ടപ്പാല, ചതുരപ്പാല എന്ന് പലതരമുണ്ടെന്നും സംഗീതജ്ഞനായ എസ് രാമനാഥൻ പറഞ്ഞിട്ടുള്ളതായി എഴുതുന്നു.അരച്ചല്ലൂരിലെ ലിഖിതങ്ങളെ ഇതിനുമുമ്പ് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്

APPENDIX

- ## 1.Method adopted in ascertaining antiquity of temples:

1. 1A : Made a list of all temples , in a District, and in Each Taluk of the District.
2. 1B : Categorised them according to the Very Ancient and Ancient Category given in the Temples of Kerala series (Census of India Special studies Kerala)
3. 1C : Made a list of temples to be visited for study of Architectural details, Murals,Sculptures related to Dance and Music and 108 Karanas of Nritha.
4. 1D.: Obtained permission from Archeological Society of India Thrissur Division, Kochin Devaswam Board,Thiruvithamkur Devaswam Board, Malabar Devaswam Board , and Zamorins of Calicut and also from different Ooralars of temples.
5. 1E: Videographed and photographed wherevevr possible , inscriptions,architectural peculiarities,and Karaa in sculptures and Murals
6. 1F : Analysis and discussion and details of discoveries .

- ## 2.Methodology of Reading Inscriptions

Inscriptions in Kerala are written in a manipravala style with Granthakshari, Malayalam,Kannada,Telugu,Brahmi,Pictograph,IVC Scripts and Tamil and sometimes it is possible to read them from right to left and left to right with two meanings. Therefore , as far as possible, all such possibilities were considered and the meanings attributed to the inscriptions .Dwasrayakavyasaili of ancient poetry is used in some inscriptions and such styles are noted in specific places. A word can be written in different languages and also as a mixture of languages. For example : My name Suvarna is taken.

SUVARNA (English) . Compare with 4 South Indian Languages,Brahmi,Granthakshari and Hindi.


Comparison of scripts in 4 South Indian Languages,Granthavari,Brahmi and in Hindi

MALAYALAM	BRAHMI.	GRANTHAVARI	TAMIL	TELUGU	KARNATAKA	Hindi	ENGLISH
1 [illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	सुवर्ण	SUVARNA
2 [illegible]	[illegible]	[illegible]	பல்லவ	[illegible]	[illegible]	पल्लव	PALLAVA
3 [illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	Phoenicia
4 [illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	वल्लभ	VALLABHA
5 [illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	पालिय	PALIYA
[illegible]	[illegible]	Change from LA to zha.					
[illegible]	[illegible]	change - from La to Ra (Ralayorabhedam)					
[illegible]	Va & Ra	exchange.					

Note:-1. Similarity of Granthakshari and Tamil.

2.Similarity of Telugu and Kannada.

3.Similarity of the words Pallava and Vallabha and with Paliya. How these words can be read as different by people writing in different scripts and how this evolve the Apabramsabhasha spoken by Bharathamuni.

4. Interchange of La for Zha (in pronounciation and script) and the Ralayorabhedam (LA and Ra spoken as interchangeable in South Indian languages) in the 5th column and how this leads from Paliyam , to Pazhaya (old) ,Vazhumi and Pazhama (the word seen in Thovari/Edakkal and read differently by M.R.Raghava warrier and Airavatham Mahadevan and the reason for this.

A 5 line inscription of Chalukya is written in Prakrit and Telugu script but is read in Sanskrit (see Below).

1. Svastiḥ çrīm(ān)Calukyākulajalanidhisamudito nṛipatiniçākaraḥ sva-
2. bhrūlatāvajn̄a (ā) namitar (i) punṛipatimakuṭamaṇiprabhāvicchuritacaraṇāravinda-
3. dvayaḥ Satyāçrayaçrīvallabhamahārājaḥ; tasya priyānujaḥ sthalajala-
4. vanagirivishamadurggeshu labdhasiddhitvād vishamasiddhiḥ dīnānāthadvijavasuvṛishti-
5. pravarshaṇatayā Kāmadhenuḥ yuvatishu madanāyamānacāruçaritrat(v)ān Makaradhvaja(ḥ)

Srivallabha Maharaja





1.സ്വസ്തിശ്രീ ചാലൂക്യകുലജലനിധിസമുദിതോ നൃപതിനിശാകര സ്വ-
2.ഭ്രൂലതാവജ്ഞാനമിതരിപൂൻറിപതിമകുടമണിപ്രഭാവിച്ചുരിതചരണാരവിന്ദ-
3.ദ്വയ സത്യശ്രേയാ ശ്രീവല്ലഭമഹാരാജാ.തസ്യ പ്രിയാനുജ സ്ഥലജല-
4.വനഗിരിവിഷമദുർഗ്ഗേഷ്വ ലബ്ധസിദ്ധിത്വാത്വിഷമസിദ്ധി ദിനനാഥദ്വിജവസുവൃഷ്ടി-
5. പ്രവർഷണതയാ കാമധേനു യുവതിഷ്വ മദനായമാനചാരുചരിതവാൻ
മകരധ്വജ

swasthisree. The moon, who is born out of the ocean of Chalukyakula,who with his own eyebrows removes ignorance of the thribhuvana (three worlds) and is the Lord of the three worlds (Thripoontipathi/ Thrippunithurapathi) and is having the feet like lotus glowing with the crown jewels of kings is Sree Vallabha Maharaja Sathyasreya. His dear brother (Yuvaraja) obtained Sidhi from Sthalam ,Jalam (land and waters) Vanam ,Giri (Forests and mountains) and Vishamadurgga (forts difficult to conquer) and by getting such Vishamasiddhi became like a Sun to Brahmins, by raining jewels (Vasu) , and by his Raining of riches is Kamadhenu to all, and Madana (kamadeva) to all young ladies, and he is having beautiful history , and is called Makaradwaja (one with a flag post with fish sign/Varuna) .

Makaradwaja is a name usually given to Somavansi Pandya kings and they are brothers of Sree Vallabhas of west coast of India.



Vowels	DEV	GUJ	PUN	BEN	ORI	TEL	KAN	TAM	MAL	SIN	URD	SIND
ka	क	ક	ਕ	ক	କ	క	ಕ	க	ക	ක	کَ	
kā	का	કા	ਕਾ	কা	କା	కా	ಕಾ	கா	കാ	කා	کا	
kæ	–	–	–	–	–	–	–	–	–	කැ	–	
kǣ	–	–	–	–	–	–	–	–	–	කෑ	–	
ki	कि	કિ	ਕਿ	কি	କି	కి	ಕಿ	கி	കി	කි	کِ	
kī	की	કી	ਕੀ	কী	କୀ	కీ	ಕೀ	கீ	കീ	කී	کِی	
ku	कु	કુ	ਕੁ	কু	କୁ	కు	ಕು	கு	കു	කු	کُ	
kū	कू	કૂ	ਕੂ	কূ	କୂ	కూ	ಕೂ	கூ	കൂ	කූ	کُو	
kṛ	कृ	કૃ	–	কৃ	କୃ	కృ	ಕೃ	–	കൃ	කෘ	–	
kṝ	कॄ	કૄ	–	কৄ	କୄ	కౄ	ಕೄ	–	കൄ	කෲ	–	
ke(s)	कॆ *	–	–	–	–	కె	ಕೆ	கெ	കെ	කෙ	–	
ke/ē	के	કે	ਕੇ	কে	କେ	కే	ಕೇ	கே	കേ	කේ	کے	
kai	कै	કૈ	ਕੈ	কৈ	କୈ	కై	ಕೈ	கை	കൈ	කෛ	کَے	
ko(s)	कॊ *	–	–	–	–	కొ	ಕೊ	கொ	കൊ	කො	–	
ko/ō	को	કો	ਕੋ	কো	କୋ	కో	ಕೋ	கோ	കോ	කෝ	کو	
kau	कौ	કૌ	ਕੌ	কৌ	କୌ	కౌ	ಕೌ	கௌ	കൌ	කෞ	کَو	
kaḥ	कः	કઃ	ਕਃ	কঃ	କଃ	కః	ಕಃ	கஃ	കഃ	කඃ	–	–
kan	कं	કં	ਕਂ	কং	କଂ	కం	ಕಂ	–	കം	කං	کاں	–
kaṁ	कँ	કઁ	ਕਁ	কঁ	କଁ	–	–	–	–	–	(kān)	–


ka
ki
ku
ke
ko
kā
kī
kū
kai
kau